മിഡിൽസ്കൂൾ പൗരധർമ്മം

For the I, II and III Forms.

By

K. E. JOB M. A., L. T.
HEADMASTER.
St. Berchman's E. H. School,

CHANGANACHERRY,
1950

Price As. 8-only.

മിഡിൽസ്കൂൾ പൗരധർമ്മം

For the I, II and III

By

K. E. JOB M. A., L. T.
HEADMASTER.
St. Berchman's E. H. School,

CHANGANACHERRY,
1950

Price As. 8-only.

Printed at the St. Francis Sales' Press, (Deepika)
Kottayam.

മിഡിൽ സ്കൂൾ

പൌരധർമ്മം

ഒന്നാം ഫാറത്തിലേയ്ക്കു്

അദ്ധ്യായം 1.

കുടുംബം

ഈ സ്കൂളിൽ പല കുട്ടികൾ പഠിക്കുന്നുണ്ടല്ലോ. ഇവരെല്ലാം അടുത്തുള്ള ഓരോ വീടുകളിൽനിന്നും ഇവിടെ വന്നു പഠിക്കുന്നവരാണു്. ഓരോ വീട്ടിലും കുട്ടികളും അവരുടെ മാതാപിതാക്കന്മാരും ഒരുമിച്ചു വസിക്കുന്നു. മാതാപിതാക്കന്മാർ കുട്ടികളെ അത്യന്തം സ്നേഹിക്കുന്നു. അവർ തങ്ങളുടെ മക്കൾക്കു വേണ്ടിയാണു് രാപകലില്ലാതെ ബുദ്ധിമുട്ടി വേലചെയ്യുന്നതു്. കുട്ടികളാകട്ടെ മാതാപിതാക്കന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നു.

ഒരു നല്ല കുടുംബത്തിലെ ദിനചര്യ്യങ്ങൾ നിങ്ങൾ ആലോചിച്ചു നോക്കുക. നേരം പ്രഭാതമാകുമ്പോൾ കുടുംബത്തിലെ അംഗങ്ങളെല്ലാം ഉണരുകയും ഈശ്വരനെ ഭജിക്കുകയും ചെയ്യുന്നു. ഓരോ അംഗവും ശരീരശുദ്ധി ചെയ്തശേഷം ആഹാരം കഴിക്കുന്നു. ആഹാരം തയ്യാർ ചെയ്യുന്ന ജോലി അമ്മയുടെ പ്രത്യേക ചുമതലയാണു്. ആഹാരം കഴിഞ്ഞശേഷം അഛൻ കൃഷിയോ കച്ചവടമോ ഉദ്യോഗമോ വ്യവസായമോ നടത്തുന്നതിനുള്ള ശ്രമമായി. കുടുംബത്തെപ്പോററുന്നതിനാണു് അയാൾ ജോലി ചെയ്യുന്നതു്. കുട്ടികളാണെങ്കിൽ കളിക്കുകയോ പഠിക്കുകയോ ചെയ്യും. ഇവിടെ ഒരുത്തർക്കും തൻകാര്യ്യമി

ല്ല. ഓരോരുത്തരും ഓരോ ജോലി ചെയ്യുന്നതു് കുടുംബത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാണു്.

ഈ സ്കൂൾ ഇരിക്കുന്ന പ്രദേശത്തു് ഇങ്ങനെയുള്ള അസംഖ്യം കുടുംബങ്ങൾ താമസിക്കുന്നുണ്ടു്. നമ്മുടെ ഈ കേരളദേശത്തു് അനേകായിരം വിദ്യാലയങ്ങളുള്ളതായി നിങ്ങൾക്കറിയാം. ആ വിദ്യാലയങ്ങൾ സ്ഥിതിചെയ്യുന്ന ഓരോ പ്രദേശത്തിലും ഇങ്ങനെ അനേകായിരം വീടുകൾ വീതമുണ്ടു്. ഈ വീടുകളിലെല്ലാം ഓരോ കുടുംബങ്ങൾ വസിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഇങ്ങനെയുള്ള അനേക കുടുംബങ്ങൾ ചേർന്നാണു് കേരളസമുദായം ഉണ്ടായിട്ടുള്ളതു്. ആകയാൽ കുടുംബം എന്നതു് സമുദായത്തിലെ * ഏകകം ആണെന്നു പറയാം,

ലോകത്തിലെ ജീവികളിൽ പലതും സമൂഹംചേർന്നു ജീവിക്കുവാൻ താല്പര്യപ്പെടുന്നു. എറുമ്പുകൾ തേനീച്ചകൾ ആടുമാടുകൾ ഇവ സാമൂഹ്യജീവിതത്തിൽ തല്പരരാണു്. എന്നാൽ പട്ടി പൂച്ച സർപ്പം ഇവ തമ്മിൽ കൂടിയാൽ ശത്രുത തുടങ്ങും. മനുഷ്യർ പ്രകൃത്യാ സാമൂഹ്യജീവിതത്തെ അഭിലഷിക്കുന്നവരാണു്. അവർക്കെല്ലാം സാമൂഹ്യജീവിതത്തിനു വേണ്ട പരശീലനങ്ങൾ ആദ്യമായി ലഭിക്കുന്നതു് അവരവരുടെ കുടുംബങ്ങളിൽ നിന്നാണു്. വീട്ടിൽ ശരിയായി വളരുന്നവൻ നാട്ടിലും ശരിയായി പ്രവർത്തിച്ചുകൊള്ളും.

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ളകാലം.

എന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.

ഒരു നല്ല കുടുംബത്തിൽ വളരുന്ന സന്താനങ്ങൾ എപ്പോഴും മാതാപിതാക്കന്മാരെ അനുസരിക്കും. കുട്ടികളായിരിക്കുമ്പോൾ മാതാപിതാക്കന്മാരുടെ ആജ്ഞയെ അനുസരിക്കുന്നവർ പ്രായമാകുമ്പോൾ രാജ്യത്തിലുള്ള നിയമങ്ങളെയും അനുസരിച്ചുകൊള്ളും. അതുപോലെതന്നെ ചെ

---

* ഏകകം; unit

റുപ്പമായിരിക്കുമ്പോൾ മാതാപിതാക്കന്മാരുടെ വാക്കുകേട്ടു കുടുംബകാര്യങ്ങളിൽ സഹകരിക്കുന്ന കുട്ടികൾ പ്രായമാകുമ്പോൾ രാജ്യത്തിന്റെ മേന്മക്കുവേണ്ടി നേതാക്കന്മാരോടു യോജിച്ചു പ്രവർത്തിക്കാതെ ഇരിക്കുമോ? അതുപോലെതന്നെ മാതാപിതാക്കന്മാർക്കോ സഹോദരങ്ങൾക്കോ വല്ല രോഗവും വന്നാൽ നല്ല കുട്ടികൾ അവരുടെ രോഗശാന്തിക്കുവേണ്ടി എന്തുബുദ്ധിമുട്ടുകളും സഹിക്കുകയില്ലേ? ഇങ്ങനെ കുടുംബമദ്ധ്യേ പരിശീലിക്കുന്ന ത്യാഗബുദ്ധിയാണു് പിന്നീടു് മഹാന്മാർ സമുദായജീവിതത്തിൽ കാണിക്കുന്നതു്. നിങ്ങളുടെ മാതാപിതാക്കളും അമ്മാവന്മാരും ജ്യേഷ്ഠസഹോദരങ്ങളും നിങ്ങളുടെ നന്മക്കുവേണ്ടി അനുഭവിച്ചിട്ടുള്ള ത്യാഗങ്ങൾ നിങ്ങൾക്കു മറക്കുവാൻ സാധിക്കുമോ? ഈ ഓർമ്മകൾ നിലനില്ക്കുന്നതുമൂലമാണു് നിങ്ങളിൽ നിങ്ങളുടെ കുടുംബങ്ങളെപ്പററിയുള്ള സ്നേഹം എപ്പോഴും നിലനില്ക്കുന്നതു്. സ്വന്തകുടുംബത്തെ സ്നേഹിക്കുന്നവൻ സ്വന്തദേശത്തെ സ്നേഹിക്കാതിരിക്കുവാൻ സാധിക്കുമോ? സാക്ഷാൽ നാടിനെ സ്നേഹിക്കണമെങ്കിൽ ഒരുവൻ ആദ്യമായി വീടിനെ സ്നേഹിച്ചു തീരു.

ഒരു കുടുംബത്തിൽ ഐശ്വര്യമുണ്ടാകണമെങ്കിൽ അതിലെ അംഗങ്ങളെല്ലാം പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യണം. അവർ തമ്മിൽ പിണങ്ങുകയോ ഛിദ്രിക്കുകയോ ചെയ്താൽ അവരടങ്ങിയ കുടുംബം ക്ഷയിക്കും. കുടുംബം ക്ഷയിച്ചാൽ അതിലെ അംഗങ്ങളും ക്ഷയിച്ചുപോകുമല്ലോ.

ഒരു കുടുംബം സാക്ഷാൽ മനുഷ്യശരീരത്തിനു തുല്യമാണു്. കുടുംബത്തിലെ ഓരോ അംഗവും, ശരീരത്തിലെ ഓരോ അവയവത്തിനു തുല്യമാണു്. തല ചിന്തിക്കുന്നതും, കാൽ നടക്കുന്നതും, കൈയ് വേലചെയ്യുന്നതും, എല്ലാം എന്തിനാണു്? അതു തീർച്ചയായും വയററിനു തീററികൊടുക്കുവാനാണെന്നു നിങ്ങൾക്കറിയാം. "വയറിനു തീററികൊടുക്കുവാൻ ഞാൻ ഇനി യാതൊരു ജോലിയും ചെയ്യുകയില്ല" എന്നു് കൈയോ കാലോ തലയോ ശഠിക്കുമോ? അഥവാ അങ്ങനെ ശഠിക്കുന്നപക്ഷം അതുമൂലം സംഭവിക്കുന്ന ക്ഷീണം കൈക്കും കാലിനും

തലക്കും തന്നെയല്ലേ? അതുപോലെ തന്നെയാണ് കുടുംബത്തിലെ ഓരോ അംഗങ്ങളുടെയും നില. അവർ തമ്മിൽ സംപൂർണ്ണമായ ഐകമത്യവും സഹകരണവും സ്നേഹവും ഉണ്ടായിരിക്കണം. മക്കൾക്കു വേണ്ടിയത്രെ മാതാപിതാക്കന്മാർ കഷ്ടപ്പെട്ടു വേലചെയ്യുന്നതു്. ആയതിനാൽ എല്ലാ കുട്ടികളും മാതാപിതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. അവർ അങ്ങനെ പരിശീലിച്ചാൽ ഭാവിയിൽ അവർ ഉത്തമപൌരന്മാരായിതീരും.

ചോദ്യങ്ങൾ

1. കുടുംബത്തിലെ അംഗങ്ങൾ ആരെല്ലാം? ഓരോരുത്തരുടെയും ജോലി വിവരിക്കുക.

2. മനുഷ്യശരീരത്തിലെ അവയവങ്ങൾ ഏവ? ഓരോന്നിന്റെയും പ്രവൃത്തി വിവരിക്കുക.

3. കുടുംബത്തിൽനിന്നും നിങ്ങൾക്കു ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

4. നല്ലകുട്ടികൾ മാതാപിതാക്കന്മാരോട് എങ്ങനെ പെരുമാറണം?

അദ്ധ്യായം 2

വിദ്യാലയങ്ങൾ

നിങ്ങൾ ചെറുശിശുക്കളായിരുന്നപ്പോൾ വീട്ടിനുള്ളിൽ തന്നെയാണല്ലോ ജീവിച്ചതും വളർന്നതും. പക്ഷേ അഞ്ചാറുവയസ്സായപ്പോൾ മുതൽ നിങ്ങൾ വീട്ടിനു വെളിയിൽ സഞ്ചരിച്ചുതുടങ്ങി. ആദ്യമായി അടുത്തുള്ള വീടുകളിൽ പോയിക്കാണണം. പിന്നീട് ദേവാലയങ്ങളിൽ പോയി ഉത്സവം കാണുകയും, കുളിച്ചു തൊഴുകയും ഈശ്വരസേവ നടത്തുകയും ചെയ്തിട്ടുണ്ടാവണം. അതു കഴിഞ്ഞിട്ടാണല്ലോ നിങ്ങൾ സ്ഥിരമായി പള്ളിക്കൂടങ്ങളിൽ പോയി വിദ്യ അഭ്യസിച്ചു തുടങ്ങിയതു്.

പള്ളിക്കൂടങ്ങളിൽ പല കുടുംബങ്ങളിൽനിന്നും ധാരാളം ആൺകുട്ടികളും പെൺകുട്ടികളും വന്നുചേരുന്നു. അവരെല്ലാവരും ഒരുമിച്ചിരുന്നു പഠിച്ചാൽ വലിയ ബഹളമുണ്ടാകുമല്ലോ. അതുകൊണ്ടാണ് ഓരോ വിദ്യാലയത്തിലും പല ക്ലാസ്സുകൾ ഇട്ടിരിക്കുന്നതു്. ഒരു സ്കൂളിൽ പല ക്ലാസ്സുകൾ ഉള്ളതായി നിങ്ങൾക്കറിയാം. ധാരാളം കുട്ടികളുള്ള വിദ്യാലയങ്ങളിലെ ഓരോ ക്ലാസ്സിനും രണ്ടോ അതിലധികമോ ഡിവിഷ്യനും കാണുക സാധാരണയാണു്. ഓരോ ഡിവിഷ്യനിലും പത്തുനാല്പതു കുട്ടികൾ പഠിക്കുന്നു. അവയിൽ ഓരോ ക്ലാസ്സ്അദ്ധ്യാപകനും കാണും. അദ്ധ്യാപകന്മാരുടെ മേലാവാണു് ഹെഡ്മാസ്റ്റർ അഥവാ പ്രഥമാദ്ധ്യാപകൻ എന്നും നിങ്ങൾക്കറിയാം.

ഓരോ ക്ലാസ്സിലെയും അദ്ധ്യാപകന്മാരെ കുട്ടികൾ മാതാപിതാക്കന്മാരെപ്പോലെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യണം. കുട്ടികളെ അവരുടെ അദ്ധ്യാപകന്മാർ സ്നേഹിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അതു് ഓരോ കുടുംബത്തിലെയും മാതാപിതാക്കന്മാർ തങ്ങളുടെ സന്താനങ്ങളെ സ്നേഹിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതുപോലെയത്രെ. മാതാപിതാക്കന്മാരുടെ ജോലിയത്രെ

തങ്ങളുടെ സന്താനങ്ങൾക്കു ഭക്ഷണവും വസ്ത്രവും വിദ്യയും സമ്പാദിച്ചു കൊടുക്കുന്നതു്. വിദ്യാഭ്യാസത്തിനു വേണ്ട ഉപകരണങ്ങളെല്ലാം വാങ്ങിക്കൊടുത്തശേഷം മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളെ വിദ്യാലയങ്ങളിൽ കൊണ്ടുപോയി അദ്ധ്യാപകരെ ഏൽപ്പിക്കുന്നു. അദ്ധ്യാപകരുടെ ജോലി ഈ കുഞ്ഞുങ്ങൾക്കു് വിദ്യ ഉപദേശിച്ചുകൊടുക്കുകയും അവരിൽ നല്ല നല്ല ശീലങ്ങൾ വളർത്തുകയും അത്രേ. പല പല വിദ്യാൎത്ഥികൾ ഒരു പള്ളിക്കൂടത്തിൽ ഒരുമിച്ചു പഠിക്കുമ്പോൾ അവരെല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഐകമത്യത്തിലും സ്നേഹത്തിലും വളരണം. അവരുടെ ഇടയിൽ പിണക്കവും കലഹവും പാടില്ല. അവരെല്ലാം വിദ്യാലയമാകുന്ന കുടുംബത്തിലെ അംഗങ്ങളാണു്. ഓരോരുത്തരുടെയും ശ്രദ്ധ, തന്റെ സഹപാഠിക്കു വേണ്ട സകല ഉപകാരങ്ങളും ചെയ്യണമെന്നായിരിക്കണം. സകല വിദ്യാർത്ഥിയും അദ്ധ്യാപകനെ അനുസരിക്കുകയും അവനവന്റെ പാഠങ്ങൾ കൃത്യമായി പഠിക്കുകയും ചെയ്യേണ്ടതാണു്. ഇങ്ങനെ ഓരോ കുട്ടിയും പ്രവൎത്തിക്കുമ്പോൾ ആ വിദ്യാലയത്തിന്റെ പ്രശസ്തി വളരെ വൎദ്ധിക്കും അതിൽ പഠിച്ചിറങ്ങിപ്പോകുന്ന വിദ്യാൎത്ഥികൾ പിൽക്കാലങ്ങളിൽ നമ്മുടെ രാജ്യത്തിലെ ഉത്തമപൗരന്മാരായി ശോഭിക്കുകയും ചെയ്യും

ഇന്നു നമ്മുടെ മാതൃഭൂമിയുടെ ഭരണം നടത്തിക്കൊണ്ടു പോകുന്ന പല മഹാന്മാരുണ്ടു്. അവരെല്ലാവരും ചെറുപ്പകാലങ്ങളിൽ സാധാരണ വിദ്യാലയങ്ങളിൽ പഠിച്ചിറങ്ങിപ്പോയിട്ടുള്ളവരത്രെ. അവർ ഇന്നത്തെ ഉൽകൃഷ്ടനിലയെ പ്രാപിച്ചിട്ടുള്ളതു് അവരുടെ വിദ്യാലയജീവിതം തൃപ്തികരമായി നിൎവ്വഹിച്ചിരുന്നതുകൊണ്ടാണു്. അവർ കൃത്യമായും കണിശമായും സ്കൂളിൽ ഹാജരാകുകയും, സഹപാഠികളെ സ്നേഹിക്കുകയും, അദ്ധ്യാപകർ പഠിപ്പിച്ചവ ശ്രദ്ധിച്ചുകേൾക്കുകയും, സ്കൂളിലെ കൂട്ടുകളികളിൽ ഉത്സാഹപൂർവ്വം സഹകരിക്കുകയും, മനസ്സാവാചാകൎമ്മണാ നല്ലവരായി ജീവിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണു്, ഇന്നു് അവർ വലിയ പദവികളിൽ എത്തി

ച്ചേന്നതു്. മനുഷ്യൻ ഒരു സംമൂഹ്യജീവിയാണു്. ഈ സാമൂഹ്യജീവിതത്തിനു വേണ്ട പരിശീലനം ആദ്യമായി കുടുംബത്തിൽ തുടങ്ങുന്നു. ശൈശവം കഴിഞ്ഞാലത്തെ സാമൂഹ്യജീവിത പരിശീലനം വിദ്യാലയങ്ങളിലാണു് നമുക്കു ലഭിക്കുന്നതു്. അതിനാൽ വിദ്യാലയങ്ങളിൽ വച്ചാണു് നാം രണ്ടാമതായി പൌരജീവിതം പരിശീലിക്കുന്നതെന്നു പറയാം.

ചോദ്യങ്ങൾ.

1 നിങ്ങളുടെ മാതാപിതാക്കന്മാർ എന്തിനാണു വിദ്യാലയത്തിൽ ചേർത്തതു്?

2 അദ്ധ്യാപകരോടു കുട്ടികൾക്കുള്ള ചുമതല എന്തെല്ലാം?

3 രണ്ടാമതായി പൌരജീവിതം പരിശീലിക്കുന്നതു് എവിടെയാണു്?

അദ്ധ്യായം 3

സ്കൌട്ടുപ്രസ്ഥാനവും ഗൈഡ്പ്രസ്ഥാനവും.

ഓരോ വിദ്യാലയവും ഓരോകുടുംബമാണെന്നു് നാം ഇതിനുമുൻപു ഗ്രഹിച്ചുകഴിഞ്ഞു. വിദ്യാലയ ജീവിതത്തിൽ ഓരോ വിദ്യാർത്ഥിയും ഓരോ വിദ്യാർത്ഥിനിയും പൌരജീവിതത്തിനുവേണ്ട ഗുണങ്ങളെല്ലാം ശീലിക്കേണ്ടതാണു്.

പൌരജീവിതത്തിനു വേണ്ട ഈ ഗുണങ്ങൾഅഥവാ കഴിവുകൾ എന്തൊക്കെയാണു്? അവയിൽ പ്രധാനപ്പെട്ടവയത്രെ സ്വാശ്രയശീലവും സഹകരണബുദ്ധിയും സേവനസന്നദ്ധതയും. ഈ മൂന്നു വിശിഷ്ടഗുണങ്ങൾ കുട്ടികളിൽ വളർത്തുന്നതിനുവേണ്ടി നമ്മുടെ വിദ്യാലയങ്ങളിൽ നിലവിലിരിക്കുന്ന ഒരുപ്രസ്ഥാനമത്രെസ്കൗട്ടിംഗുംഗൈഡിങ്ങും. ആൺകുട്ടികളെ ഇവ പരിശീലിപ്പിക്കുന്നതു സ്കൗട്ടു പ്രസ്ഥാനംമൂലവും, പെൺകുട്ടികളെ ഇവ പരിശീലിപ്പിക്കുന്നതു് ഗൈഡ് പ്രസ്ഥാനംമൂലവും അത്രെ. ഈ പ്രസ്ഥാനങ്ങൾ ആരംഭിച്ചതു ബേഡൽ പൌവ്വൽ എന്ന ധ്വരയാണു്. അദ്ദേഹം മരിച്ചിട്ടു വളരെകാലമായിട്ടില്ല.

കുട്ടികളുടെ ജന്മവാസനകളത്രെ ഉത്സാഹവും പ്രസരിപ്പും കളിശീലവും. ഈ വാസനകൾ മനുഷ്യരിലും മൃഗങ്ങളിലും ചെറുപ്പകാലത്തു സഹജമായിട്ടുള്ളതാണു്. പ്രകൃതിദത്തമായ ഈ ജന്മവാസനയെ അടിച്ചമർത്താമെന്നുള്ള തെററിദ്ധാരണ ഒരു കാലത്തു് വിദ്യാലയങ്ങളിലെ അധികൃതന്മാർക്കുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ അഭിപ്രായം മാറി വീണിരിക്കുകയാണു്. കുട്ടികളുടെ ഉത്സാഹവുംപ്രസരിപ്പും കളിശീലവും നല്ല വിഷയങ്ങളിലേക്കു് തിരിച്ചുവിടേണ്ട ചുമതല മാത്രമാണു്. അദ്ധ്യാപകർക്കുള്ളതെന്നു ഇപ്പോൾ എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞു ഈ ബോദ്ധ്യംമൂലമത്രെ ആൺകുട്ടികളെ സ്കൗട്ടുകളായും പെ-

ൺകുട്ടികളെ ഗൈഡുകളായും ഇപ്പോൾ ശീലിപ്പിച്ചുവരുന്നതു്. നിങ്ങളുടെ സ്കൂളിൽ ഈ പ്രസ്ഥാനമുണ്ടോ? ഇല്ലെങ്കിൽ അവ സ്ഥാപിച്ചുകിട്ടുവാൻ നിങ്ങൾ പരിശ്രമിക്കണം.

യൂണിഫോറം.

ബോയിസ്കൗട്ടിൻേറയും ഗേൾഗൈഡ്സിൻേറയും ബാഹ്യലക്ഷണം അവരുടെ യൂണിഫോറം അഥവാ പ്രത്യേക വസ്ത്രധാരണരീതിയത്രെ. ആൺകുട്ടികൾ സാധാരണ കാക്കി നിക്കറും, ബെൽററും, ഷർട്ടും, സ്കാർഫും (ഉറുമാലയും) ധരിക്കുന്നു, പെൺകുട്ടികൾ ധരിക്കുന്നതു് നീലനിറത്തിലുള്ള ജാക്കററുകളത്രെ. ഈ പ്രത്യേക വസ്ത്രധാരണരീതിമൂലം കുട്ടികൾ അവർ ചെയ്തിട്ടുള്ള സ്കൗട്ടുപ്രതിജ്ഞയെ പരസ്യമായി ഏററുപറയുകയും ആ പ്രതിജ്ഞയെ തങ്ങളുടെ സകല കഴിവുകളും ഉപയോഗിച്ചു നിറവേററുന്നതിനുള്ള സന്നദ്ധതയെ പ്രകടിപ്പിക്കുകയും ചെയ്യുന്നു. നീചവും നിന്ദ്യവുമായി യാതൊന്നും അവരിൽ നിന്നും ഉണ്ടാകാതിരിക്കണമെന്നുള്ള ദൃഢനിശ്ചയവും ഇതുമൂലം അവരിലുളവാകുന്നു,

പ്രതിജ്ഞകൾ

1 ഈശ്വരനോടും രാജാവിനോടും രാജ്യത്തോടുമുള്ള ധർമ്മം നിർവ്വഹിക്കാം.
2 മററുള്ളവരെ എല്ലായ്പോഴും സഹായിച്ചുകൊള്ളാം.
3 സ്കൗട്ടു നിയമങ്ങൾ പരിപാലിച്ചുകൊള്ളാം. എന്നിങ്ങനെയാണു് ഓരോ സ്കൗട്ടും ഗൈഡും ചെയ്യുന്ന പ്രതിജ്ഞകൾ

സ്കൗട്ടുനിയമങ്ങൾ

പത്തു സ്കൗട്ടു നിയമങ്ങളുണ്ടു്. അവയെ ഇങ്ങനെ സംഗ്രഹിക്കാം.

1 സ്കൗട്ടു നെറിവു (Honour) ള്ളവനായിരിക്കണം

2 അധികാരികളോട് അനുസരണയുള്ളവനായിരിക്കണം
3 പരോപകാരിയായിരിക്കണം
4 എല്ലാവരോടും സ്നേഹമുണ്ടായിരിക്കുകയും വേറൊരു സ്കൌട്ടിനെ സഹോദരതുല്യം കരുതുകയും ചെയ്യണം
5 സകലരോടും മര്യാദയോടുകൂടി പെരുമാറണം
6 ജന്തുക്കളോടു സ്നേഹമുണ്ടായിരിക്കണം
7 കാരണം ആരായാതെ നേതാക്കന്മാരെ അനുസരിക്കണം
8 എന്തു പ്രയാസം നേരിട്ടാലും സന്തുഷ്ടചിത്തനായിരിക്കണം
9 മിതവ്യയം ശീലിക്കണം
10 മനസ്സാ വാചാ കർമ്മണാ നിർമ്മലനായിരിക്കണം.

മേൽപ്പറഞ്ഞ നിയമങ്ങളെ യഥാർത്ഥമായി അനുസരിക്കുന്ന സ്കൌട്ടുകളും ഗൈഡുകളും നല്ലസന്മാർഗ്ഗബോധവും സേവനസന്നദ്ധതയും സമസൃഷ്ടിസ്നേഹവും ഉള്ളവരായിരിക്കും. അവർ ഒരിക്കലും മാതാപിതാക്കളെയോ, അദ്ധ്യാപകരെയോ അനുസരിക്കാതിരിക്കയില്ല. അവർ തങ്ങളുടെ കൃത്യങ്ങൾ ശരിയായി നിർവ്വഹിക്കും. അവരുടെ പെരുമാററത്തിൽ സർവ്വദാ വിനയവും ഔദാര്യവും പ്രത്യക്ഷപ്പെടും. കുട്ടികൾ, സ്ത്രീകൾ, വൃദ്ധന്മാർ, രോഗികൾ ഇവരുടെ നേരെ സ്കൌട്ടുകൾ വളരെ ആദരവും മര്യാദയും പ്രകടിപ്പിക്കും. സ്വന്ത സുഖസൌകര്യങ്ങളെ ഉപേക്ഷിച്ചുപോലും അവർ അന്യരെ സഹായിച്ചുകൊള്ളും. ധർമ്മംചര:, സത്യംവദ: ഇവയാണ് അവരുടെ മുദ്രാവാക്യങ്ങൾ

ഓരോ വിദ്യാലയത്തിലും സ്കൌട്ടുപരിശീലനം നടത്തുന്നതിനു പ്രത്യേക ശട്ടംകെട്ടുകളുണ്ട്. സാധാരണ ക്ലാസ്സ് സമയംകഴിഞ്ഞു കളിസ്ഥലത്തുവച്ചാണു ഈ പരിശീലനങ്ങൾ നടത്തുന്നതു്. സ്കൌട്ടുപ്രസ്ഥാനത്തിൽ ഉന്മേഷത്തിനും വ്യായാമത്തിനും പററിയ പല കളികൾ നടത്തുന്നു. അവ മൂലം സ്കൌട്ടുകൾക്കു നല്ല ആരോഗ്യവും

ഉന്മേഷവും ശക്തിയും ഉണ്ടാകുന്നു. ചുരുക്കം പറഞ്ഞാൽ, സ്കൌട്ടുബോയിസും ഗേൾഗൈഡ്സും നല്ല കായികശക്തിയും സന്മാർഗ്ഗബോധവും പരോപകാര സന്നദ്ധതയും തികഞ്ഞ വിദ്യാർത്ഥികളത്രെ; ഇന്നത്തെ കുട്ടികളാണല്ലൊ നാളത്തെ പൌരന്മാർ; ആകയാൽ ഉത്തമന്മാരായ ഭാവി പൌരന്മാരെ വാർത്തെടുക്കുവാനുള്ള രണ്ടു പ്രസ്ഥാനങ്ങളത്രെ സ്കൌട്ടിംഗും ഗൈഡിങ്ങും

ചോദ്യങ്ങൾ

1 സ്കൌട്ടുകാരുടെ യൂണിഫോറം വിവരിക്കുക

2 അവയെ ചിത്രീകരിക്കുക

3 സ്കൌട്ടു പ്രതിജ്ഞ എന്തെല്ലാം?

4 പത്തു സ്കൌട്ടു നിയമങ്ങൾ ഏവ?

5 സ്കൌട്ടുകാർ പരിശീലിക്കുന്ന ചില ഗുണങ്ങൾ പറയുക

6 ഈ പ്രസ്ഥാനംമൂലം അവർ ഉത്തമ പൌരന്മാരാകുന്നതെങ്ങനെ?

അദ്ധ്യായം 4

ഗ്രാമങ്ങളും ഗ്രാമസമുദായങ്ങളും.

നാം ഇൻഡ്യാ മഹാരാജ്യത്തിലെ പൌരന്മാരാണല്ലോ. ഭൂലോകത്തിലെ ഏററം വിസ്താരമേറിയ മഹാരാജ്യങ്ങളിൽ ഒന്നാണ് ഇൻഡ്യാ. ഈ ഇൻഡ്യാമഹാരാജ്യത്തിൽ 7 ലക്ഷം ഗ്രാമങ്ങളുണ്ട്. ഈ 7 ലക്ഷം ഗ്രാമങ്ങളിലായി 32 കോടി ജനങ്ങൾ ഓരോ കുടുംബങ്ങളിലായി വസിക്കുന്നു. ഇൻഡ്യയിൽ 2575 പട്ടണങ്ങൾ മാത്രമെയുള്ളു. അവയിലെല്ലാംകൂടി 8 കോടി ജനങ്ങൾമാത്രമാണുള്ളതു്. ഇതിൽനിന്നും നാം ഗ്രഹിക്കേണ്ടതു ഇൻഡ്യയിലെ ജനങ്ങളിൽ വളരെ അധികപങ്കുംഗ്രാമവാസികളാണെന്നാണ്

നമ്മുടെ കേരളദേശത്തിലുള്ള ഓരോ കരയും ഓരോ ഗ്രാമമാണെന്നുപറയാം. ഒരു കരയിൽ അനേകകുടുംബങ്ങൾ വീടുവച്ചുതാമസിക്കുന്നു. ഓരോ കുടുംബത്തിലും ശരാശരി അയ്യഞ്ചാളുകളെങ്കിലും ഉണ്ടായിരിക്കുമെന്നാണു വയ്പു്. കുടുംബാംഗങ്ങൾക്കു വിശ്രമിക്കുന്നതിനും സാമൂഹ്യചടങ്ങുകൾ നിവ്വ്ഹിക്കുന്നതിനും ആയി ഒരു ഭവനവും, അതിനു ചുററിലും ഒരു പുരയിടവും, വിളഭൂമികളും ഉണ്ടായിരിക്കുക പതിവാണ്. ധനികന്മാരുടെയും ദരിദ്രന്മാരുടെയും ഭവനങ്ങൾ വ്യത്യസ്തമായിരിക്കും. ധനവാന്മാക്കു ധാരാളം വിളഭൂമികളും വിസ്താരമേറിയ പുരയിടങ്ങളും, വിപുലവും മനോഹരവുമായ വാസസ്ഥലങ്ങളും ഉണ്ടായിരിക്കും. ദരിദ്രന്മാക്കാകട്ടെ ചെററക്കുടിലുകളും തുണ്ടുപുരയിടങ്ങളുമേ ഉണ്ടായിരിക്കുകയുള്ളു.

ഗ്രാമസമുദായത്തിലെ പ്രധാന തൊഴിൽ കൃഷിയത്രെ. ഇൻഡ്യയിലെ 90ശതമാനം ഗ്രാമവാസികളും കൃഷിചെയ്തു കാലം കഴിക്കുന്നവരത്രെ. നിങ്ങൾ വസിക്കുന്നതു് ഒരു ഗ്രാമത്തിലാണെങ്കിൽ അവിടെ നടക്കുന്ന കൃഷി ഏതെല്ലാമാണെന്നു പറയുക. ഗ്രാമവാസികൾ കൃഷിചെയ്തുണ്ടാക്കുന്ന നെല്ലും, മരച്ചീനിയും, നാളികേര

വും, കുരുമുളകും, ചുക്കും, കരിമ്പും, പച്ചക്കറി സാധനങ്ങളും അവർ സ്വന്തമായി ഉപയോഗിക്കുകയും, ബാക്കിയുള്ളവ കൈമാററം ചെയ്തു പണമാക്കുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന പണം കൊടുത്തു് അവർ വിദേശത്തുനിന്നും ഭക്ഷ്യപദാർത്ഥങ്ങളും മററും വാങ്ങി സുഖമായി കാലയാപനം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ ഗ്രാമങ്ങളിൽ കൃഷിക്കാരുടെ തുക ഇപ്പോൾ ആവശ്യത്തിൽ കൂടുതലാണു്. കൊല്ലൻ, ആശാരി, തട്ടാൻ, മൂശാരി വസ്ത്രവ്യവസായി; ചെരുപ്പുകുത്തി, ക്ഷൌരകൻ, അലക്കുകാരൻ, ശിൽപ്പി മുതലായ വിവിധ തൊഴിൽക്കാർ ആദ്യകാലം മുതലേ ഇൻഡ്യൻ ഗ്രാമങ്ങളിൽ വസിച്ചുവന്നിട്ടുള്ളതാണു്. തൊഴിലുകൾ ഒന്നും നിഷിദ്ധമായിട്ടുള്ളതല്ല. ഓരോ തൊഴിൽക്കാരൻെറയും സേവനവും സഹകരണവും ഇതരഗ്രാമവാസികൾക്കാവശ്യമാണു്. ഓരോരുത്തൻ ചെയ്യുന്ന സേവനത്തിൻെറ ന്യായമായ പ്രതിഫലം മുഴുവൻ മററുള്ളവർ അവനു കൊടുക്കുമ്പോൾ ഒരു ഗ്രാമത്തിൽ സമൃദ്ധിയും ഐശ്വര്യവും ഉണ്ടാകുന്നു. അങ്ങനെയുള്ള ഗ്രാമങ്ങൾക്കു ബാഹ്യലോകത്തെ ആശ്രയിക്കേണ്ട ആവശ്യമേ ഇല്ലായിരിക്കും. അവർ സ്വയം പര്യാപ്തരാണെന്നു പറയാം.

ഒന്നുരണ്ടു നൂററാണ്ടുകൾക്കു മുമ്പു് ഇൻഡ്യൻഗ്രാമങ്ങളുടെ സ്ഥിതി അങ്ങനെതന്നെ ആയിരുന്നു. ഒരു ഗ്രാമത്തിലെ കർഷകക്കു വേണ്ട ഗൃഹസാമാനങ്ങളും കൃഷി ആയുധങ്ങളും ആ ഗ്രാമത്തിലെ മരയാശാരിയും കൊല്ലനും കൂടി നിർമ്മിച്ചു കൊടുക്കുക പതിവായിരുന്നു. നൂൽനൂത്തു തുണി നെയ്തു കൊടുക്കുവാൻ ആ ഗ്രാമത്തിൽതന്നെ ചാലിയനുണ്ടായിരുന്നു. ആഭരണം പണിയുന്നതിനു് ആ ഗ്രാമത്തിലെ ലോഹവേലക്കാരനും, തുണി അലക്കുന്നതിനു് സ്വദേശിയായ വെളുത്തേടനും ക്ഷൌരകനും മാത്രമേ ആകാവൂ എന്നായിരുന്നു മാമൂൽ. ബ്രിട്ടീഷ് ഭരണകാലത്താണു് ഈ സ്ഥിതിക്കു വ്യത്യാസം വന്നതു്. അതിനു പല കാരണങ്ങളും ഉണ്ടായിരുന്നു. അവയിലൊന്നു്, ബ്രിട്ടീഷ് ഭരണത്തോടുകൂടി ഇൻഡ്യയിൽ നെടുനീളംതീവണ്ടിപ്പാതയും പബ്ലിക്കു റോഡുകളും നീട്ടിയതാണു്. അ

പ്പോൾ ആവിക്കപ്പലുകൾവഴി വന്നുചേർന്ന വിദേശചരക്കുകൾ ചുരുങ്ങിയ വിലയ്ക്കു നമ്മുടെ ഗ്രാമങ്ങളിൽ വന്നുചേർന്നു. അതോടുകൂടി നാട്ടിലെ തൊഴിൽകാർ തങ്ങളുടെ ജോലിയും ഉപേക്ഷിച്ചു. അവർ ദരിദ്രരായ കൃഷിത്തൊഴിലാളികളായി. അതോടുകൂടി ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയും നശിച്ചു. പഴയസ്ഥിതി അതേപടി ഇനി ഒരിക്കലും തിരിച്ചുവരികയില്ല. എന്നുവരികിലും ഇൻഡ്യയിലെ ഗ്രാമവാസികളുടെ സാമൂഹ്യജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഇപ്പോൾ നമ്മുടെ നേതാക്കന്മാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രാമോദ്ധാരണം എന്ന പേരിലാണ് ആവക പരിശ്രമങ്ങൾ അറിയപ്പെടുന്നതു്.

ചോദ്യങ്ങൾ.

1. ഇൻഡ്യ ഒരു ഗ്രാമരാജ്യമാണെന്നു സ്ഥാപിക്കുക.

2. ഓരോ ഗ്രാമത്തിലും പണ്ടു് ഐശ്വര്യമുണ്ടായിരുന്നു. കാരണം പറയുക.

3. ഗ്രാമോദ്ധാരണം എന്നാൽ എന്തു്?

അദ്ധ്യായം 5

പകുതികളും അവയുടെ ഭരണവും

ഇൻഡ്യാമഹാരാജ്യത്തിൽ 7 ലക്ഷം ഗ്രാമങ്ങളുണ്ടെന്നു നാം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കേരളദേശത്തിലെ കരകളെല്ലാം ഈ വിധത്തിലുള്ള ചെറുഗ്രാമങ്ങളാണു്. ഓരോ ചെറു ഗ്രാമവും ഭരിക്കുന്നതിനു ഓരോ പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിച്ചാൽ അതുമൂലം സർക്കാരിനു അനാവശ്യച്ചെലവുണ്ടാകുമെന്നു തോന്നി. അതുകൊണ്ടു് ഏതാനും കരകളുൾപ്പെടുത്തി "പ്രവൃത്തികൾ" അഥവാ "പകുതികൾ" പണ്ടുകാലം മുതൽ ഇവിടെ രൂപവൽക്കരിച്ചിട്ടുണ്ടു്. പല പകുതികൾ ചേർന്നാൽ ഒരു താലൂക്കാകും. പകുതികൾതോറും പകുതിക്കച്ചേരികളുമുണ്ടു്. ഈ കച്ചേരിയിലെ പ്രധാന ഉദ്യോഗസ്ഥനു് പാർവത്യകാരൻ അഥവാ അധികാരി എന്നാണു് പേരു്. പകുതിഭരണത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിനുവേണ്ടി ഒന്നോ രണ്ടോ അക്കൌണ്ടന്റന്മാരും ശിപായി (ഠാനപ്പടി) മാരും ഉണ്ടായിരിക്കും. പകുതിക്കച്ചേരികൾ മുഖേനയാണു് ഗ്രാമങ്ങളുടെ ഭരണം സർക്കാരിൽനിന്നും ഇപ്പോൾ നടത്തിക്കൊണ്ടു പോരുന്നതു്.

പകുതിക്കച്ചേരിയിലെ പ്രധാന ജോലി ഭൂനികുതിപിരിക്കുകയാണു്. ഗ്രാമവാസികളിൽ പലക്കും സ്വന്തമായി അല്പമെങ്കിലും ഭൂസ്വത്തുണ്ടായിരിക്കും. അതിന്റെ ആദായത്തിൽ ഒരംശം സർക്കാരിനുചെല്ലേണ്ടിയിരിക്കുന്നു. ഓരോ പൌരനുംസർക്കാരിൽനിന്നു ലഭിക്കുന്ന സഹായങ്ങൾക്കു പകരമായിട്ടാണു് അവർ ഇങ്ങനെ കരം കൊടുക്കേണ്ടതു്. ഈ തുകകൾ ഓരോ പൌരനും ആണ്ടുവട്ടത്തിൽ ഒന്നോ രണ്ടോ തവണയായി പകുതിക്കച്ചേരിയിൽ എത്തിച്ചു രസീതുവാങ്ങിക്കൊള്ളേണ്ടതാണു്.അപ്രകാരം ചെയ്യാത്തപക്ഷം ആ വസ്തുഉടമസ്ഥനിൽനിന്നും ഈ തുക വസൂൽ ചെയ്യുന്നതിനു് സർക്കാരിനധികാരമുണ്ടു്. അവർ അങ്ങനെ ഈടാക്കുകയുംചെ

യ്യും. ഇപ്രകാരം പിരിഞ്ഞുകിട്ടുന്ന പണം മാസാവസാനത്തിൽ പാർവത്യകാരന്മാർ താലൂക്കുകച്ചേരിയിൽ കൊണ്ടുപോയി തഹശീൽദാരെ ഏല്പിച്ചുകൊടുക്കണം. അദ്ദേഹമത്രെ താലൂക്കുകച്ചേരിയിലെ പ്രധാന ഉദ്യോഗസ്ഥൻ. ഇങ്ങനെ ലഭിക്കുന്ന പണങ്ങളത്രയും തഹശീൽദാരന്മാർ സർക്കാർ ഖജനാവുകളിൽ സൂക്ഷിക്കുകയും അവിടെനിന്നും മേലാവിലെ നിർദ്ദേശമനുസരിച്ച് പൊതുജനത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു.

ജനങ്ങൾ ഇങ്ങനെ കരമായി സർക്കാരിൽ ഏല്പിക്കുന്ന പണമാണ്, പിന്നീട് റോഡുകൾ നന്നാക്കുന്നതിനും, ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനും, പള്ളിക്കൂടങ്ങൾ നടത്തുന്നതിനും, ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുന്നതിനും മററും ഉപയോഗിക്കുന്നത്. സൂര്യന്റെ ചൂടേററു ജലാശയങ്ങളിലെ വെള്ളം ആവിയായി മേലോട്ടുയരുന്നു. എങ്കിലും ആ ജലം ആകാശത്തിൽ കെട്ടിനിൽക്കാതെ വീണ്ടും ഭൂമുഖത്തു തന്നെ മഴയായിവീഴുന്നു. അതുപോലെതന്നെയാണ് നാം കൊടുക്കുന്ന കരത്തിന്റെയും കഥ. അതു വീണ്ടും പൌരന്മാരുടെ ആവശ്യങ്ങൾക്കുവേണ്ടിതന്നെ സർക്കാരിൽനിന്നും ചെലവുചെയ്യുന്നു. അതിനാൽ പകുതിക്കച്ചേരികളിൽ ഭൂനികുതി കൊടുക്കുന്നതു നമുക്കു തന്നെ പ്രയോജനകരമത്രെ.

പകുതിക്കച്ചേരിയിൽനിന്നും വേറെ ചില ജോലികൾകൂടി നിർവഹിച്ചുവരുന്നു. അവയിലൊന്ന് ആ ഗ്രാമപ്രദേശത്തെ ജനനമരണക്കണക്കുകൾ സൂക്ഷിക്കുകയാണ്. ഈ കുടുംബസംഭവങ്ങൾ യഥാസമയം പകുതിക്കച്ചേരിയിൽ അറിയിക്കുവാനുള്ള ചുമതല അതതു കുടുംബങ്ങളിലെ തലവന്മാർക്കുള്ളതാണ്. ഈ നിയമം ലംഘിക്കുന്നവർക്ക് സാമാന്യം കഠിനമായ ശിക്ഷയുണ്ടാകാം. ഓരോ പൌരനേയും സംബന്ധിച്ച റിക്കാർഡുകൾ സൂക്ഷിക്കേണ്ടതു സർക്കാരിന്റെ ഒരു ചുമതലയും ആവശ്യവുമാണ്. ഒരു പൌരന്റെ വയസ്സിനെ സംബന്ധിച്ചു തർക്കമുണ്ടായാൽ പകുതിക്കച്ചേരിയിലെ ജനനക്കണക്കു പരിശോധിച്ചാൽ അതിനു പരിഹാരമുണ്ടാകുമല്ലോ. അതുപോലെ തന്നെ ഒരു പൌരന്റെ മരണം സംബന്ധിച്ചുവി

ശ്വാസയോഗ്യമായ ഒരു രേഖ വേണമെന്നുണ്ടായിരുന്നാൽ അതിനും പകുതിക്കച്ചേരിയിലെ മരണറജിസ്റ്ററിന്റെ പകർപ്പെടുത്താൽ മതിയാകുന്നതാണ്.

ഭക്ഷ്യക്ഷാമം പിടിപെട്ടിരിക്കുന്ന ഈ കാലങ്ങളിൽ ഓരോ കുടുംബങ്ങളിലും എത്ര എത്ര ആളുകൾ ജീവിച്ചിരിപ്പുണ്ടെന്ന് കണക്കു കൊടുക്കേണ്ട ചുമതല പകുതിക്കച്ചേരിയിലെ ഉദ്യോഗസ്ഥനാണ്. അങ്ങനെയുള്ള കണക്കുകൾ തയാറാക്കുന്നതിന് മേൽപ്പറഞ്ഞ ജനനമരണറജിസ്റ്റർ വളരെ ഉപയോഗപ്പെടും.

ഗ്രാമങ്ങളിലുള്ള ഓരോ കുടുംബത്തിനുംവേണ്ട ഭക്ഷ്യസാധനങ്ങളുടെ അളവു ക്ലിപ്തപ്പെടുത്തി റേഷൻകാർഡുകൾ ഒപ്പിട്ടുകൊടുക്കേണ്ട ജോലിയും പകുതി ഉദ്യോഗസ്ഥനുള്ളതാണ്. ഈ കൃത്യം നിർവഹിക്കുന്നതിനും പകുതിക്കച്ചേരിയിൽ സൂക്ഷിക്കുന്ന ജനനമരണ റജിസ്റ്റർ വളരെ പ്രയോജനപ്പെടുമല്ലോ.

ചോദ്യങ്ങൾ.

1. 'പകുതി' അഥവാ 'പ്രവൃത്തി' എങ്ങനെ രൂപവൽക്കരിച്ചതാണ്?

2. പകുതിക്കച്ചേരിയിലെ ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

3. അവർ പിരിക്കുന്ന ഭൂനികുതി എവിടെ ഏല്പിക്കുന്നു?

4. അതു വീണ്ടും നമുക്കു കിട്ടുന്നതെങ്ങനെ?

5. കരം കൊടുക്കേണ്ട ആവശ്യകത എന്ത്?

6. ജനനമരണറജിസ്റ്റർ എന്നാൽ എന്ത്?

7. അതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

അദ്ധ്യായം 6.

ഗ്രാമോദ്ധാരണം

ജനങ്ങളിൽനിന്നും ഭൂനികുതി ഈടാക്കുന്നതിനും ജനനമരണക്കണക്കുകൾ സൂക്ഷിക്കുന്നതിനും, സക്കാരിൽനിന്നും പകുതിക്കച്ചേരികൾ വഴി ചെയ്തുവരുന്ന നടപടികളെപ്പററിയാണല്ലോ മുൻപ് നാം പഠിച്ചതു്. പക്ഷേ, ഇതിൽ കൂടുതലായി ഗ്രാമീണരുടെ അഭിവൃദ്ധിക്കുവേണ്ടി പലകാൎയ്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയുള്ള പല നടപടികൾ ഇപ്പോൾ ഇൻഡ്യയിലെ പലസംസ്ഥാനങ്ങളിലും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഗ്രാമോദ്ധാരണത്തിനായി ഒരു പ്രത്യേക വകുപ്പ് തിരുവിതാംകൂർ കൊച്ചി രാജ്യത്തിലും ഈയിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുവരെ അതിന്റെ പ്രവൎത്തനങ്ങൾ എല്ലാ ഗ്രാമങ്ങളിലും നടപ്പിലാക്കിയിട്ടില്ല. കാലാന്തരത്തിൽ അതു പൂൎത്തിയാകുമെന്നു നമുക്കു വിശ്വസിക്കാവുന്നതാണ്.

ഗ്രാമോദ്ധാരണവകുപ്പുമൂലം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ചില നടപടികൾ താഴെ വിവരിക്കുന്നു.

1. പൊതുജനവിദ്യാഭ്യാസംമൂലമാണ് ഗ്രാമവാസികളുടെ നാനാമുഖമായ അഭിവൃദ്ധിയും നടപ്പിലാക്കേണ്ടതു്. ആകയാൽ ഓരോ ഗ്രാമത്തിലേയും ആവശ്യാനുസരണംവിവിധവകുപ്പിലുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇതിൽ പ്രൈമറിവിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവുമായി നടത്തേണ്ടിയിരിക്കുന്നു.

2. ഗ്രാമങ്ങളുടെ നാനാവിധമായ അഭിവൃദ്ധിക്ക് ഗതാഗതമാൎഗ്ഗങ്ങളായ റോഡുകൾ, തോടുകൾ, പാലങ്ങൾ, കടത്തുകൾ ഇവ കൂടുതലായി വൎദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ അത്യാവശ്യമായ ഒരുസംഗതിയാണ് ജലസേചനപദ്ധതികൾ ഏൎപ്പെടുത്തി കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതും.

3. മാതൃകാകൃഷിത്തോട്ടങ്ങൾ മൂലം പരിഷ്കൃത കൃ

ഷിസമ്പ്രദായങ്ങൾ ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുന്നതും, നല്ല ഇനം വിത്തുകൾ പ്രചരിപ്പിക്കുന്നതും, പരിഷ്കൃതകൃഷിആയുധങ്ങൾ ഗ്രാമപ്രദേശങ്ങളിൽ പ്രചരിപ്പിക്കുന്നതും, വില കുറഞ്ഞതുംഫലപ്രദവുമായ വളങ്ങൾ ഉണ്ടാക്കുന്ന വിധങ്ങൾ ജനങ്ങളെ മനസ്സിലാക്കുന്നതും ഗ്രാമവാസികളുടെ അഭിവൃദ്ധിക്കു വളരെ പററിയതാണു്.

4. കന്നുകാലികളെ ശാസ്ത്രീയമായി വളർത്തുന്നതിനും ഇണചേർക്കുന്നതിനുമുള്ള സൌകര്യങ്ങൾ ഇന്നു നമ്മുടെ ഗ്രാമങ്ങളിൽ ഇല്ല. നല്ല ഇനം വിത്തുകാളകളെ ഓരോ ഗ്രാമങ്ങളിൽ പരിപാലിച്ചുകൊണ്ടുപോകുന്നപക്ഷം നമ്മുടെ നാട്ടിലെ കന്നുകാലികളുടെ ഇനവും ഗുണവും നന്നാക്കുന്നതിനും, തന്മൂലം ക്ഷീരവ്യവസായം അഭിവൃദ്ധി പ്രാപിക്കുന്നതിനും പൊതുജനാരോഗ്യം കൂടുതൽ നന്നാക്കുന്നതിനും ഇടയുള്ളതാണു്.

5. പ്രസവശുശ്രൂഷയ്ക്കും ബാലചികിത്സയ്ക്കും ഇതര രോഗനിവാരണങ്ങൾക്കും വേണ്ടിയുള്ള ആരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും ഗ്രാമപ്രദേശങ്ങളിൽഇപ്പോൾ വേണ്ടിടത്തോളമില്ല. അങ്ങനെയുള്ള സൌകര്യങ്ങൾക്കുവേണ്ടി ഗ്രാമവാസികൾ പലപ്പോഴും അടുത്തുള്ള പട്ടണങ്ങളിലേക്കു യാത്രചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അതു് അധികച്ചെലവിനു കാരണമാകയാലും പാവപ്പെട്ടവർക്കു അതു് സാദ്ധ്യമല്ലാത്തതുകൊണ്ടും, ഇപ്പോൾ ഗ്രാമവാസികൾ വളരെ കഷ്ടതകൾ അനുഭവിച്ചുകൊണ്ടാണിരിക്കുന്നതു്. ഇതിനു പരിഹാരമുണ്ടാകത്തക്കവിധത്തിൽ എല്ലാ ഗ്രാമങ്ങളിലും ആരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

6. പല ഗ്രാമങ്ങളിലും ശുദ്ധജലം കിട്ടാതിരിക്കുന്നതുകൊണ്ടു് പൊതുച്ചെലവിൽ കുളങ്ങളും കിണറുകളും കുഴിപ്പിച്ചിടുകയും അവയെ ശുചിയായി സൂക്ഷിക്കുന്നതിനു വേണ്ട ശട്ടംകെട്ടുകൾ ചെയ്യുകയും ചെയ്യേണ്ടിയിരിക്കുന്നു.

7. വിദ്യാഭ്യാസം പ്രായം ചെന്നവരുടെ ഇടയിൽ പോലും പ്രചരിപ്പിക്കുക എന്ന പരിപാടി ഇന്നു പരിഷ്കൃതരാജ്യങ്ങളിലെല്ലാം നിലവിലിരിക്കുന്നു. സ്വാത

ന്ത്രഭാരതത്തിലും ഈ പദ്ധതി നടപ്പിലാക്കുവാൻ നമ്മുടെ നേതാക്കന്മാർ ആലോചിച്ചുവരുന്നുണ്ട്. ഈ പദ്ധതിക്കു വയോജനവിദ്യാഭ്യാസമെന്നാണ് പേര്. അക്ഷരജ്ഞാനമില്ലാത്ത വയോജനങ്ങൾ നമ്മുടെ ഗ്രാമങ്ങളിലാണ് കൂടുതൽ വസിക്കുന്നതു്. അവരുടെ ആവശ്യത്തിനുവേണ്ടി നിശാപാഠശാലകൾ ഏർപ്പെടുത്തുന്നതും, ഗ്രാമോദ്ധാരണപദ്ധതിയിൽ ഉൾപ്പെടുന്നതത്രേ.

8. തിരുവിതാംകൂർ-കൊച്ചി രാജ്യമാണ് ഇൻഡ്യയിൽ ഗ്രാമീണരുടെ അക്ഷരജ്ഞാനത്തിൽ ഉയർന്നുനിൽക്കുന്നതു് എങ്കിലും ഈ അക്ഷരജ്ഞാനം ഉപയോഗിച്ചു നമ്മുടെ ഗ്രാമവാസികൾ പത്രങ്ങളും ഗ്രന്ഥങ്ങളും വായിക്കാതിരിക്കുന്നതുമൂലം, പലരുടെയും അക്ഷരജ്ഞാനം നഷ്ടീഭവിച്ചുപോകുന്നു. അങ്ങനെ വരാതിരിക്കുന്നതിനുവേണ്ടി ഗ്രാമങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളും കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു.

9. മേൽപ്പറഞ്ഞ പല പരിഷ്കാരങ്ങളും ഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിനു് ഓരോ ഗ്രാമത്തിലും അഞ്ചലാഫീസുകളും തപാലാഫീസുകളും ഉണ്ടായിരിക്കേണ്ടതാണ്. അന്നന്നത്തെ വ്യാപാരനിലവാരം അറിയുന്നപക്ഷം കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന ഉല്പന്നങ്ങൾ ആദായകരമായി വിററഴിക്കുന്നതിനു് സാധിക്കുന്നതാണ്. ആകയാൽ ഗ്രാമീണകേന്ദ്രങ്ങളിൽ റേഡിയോ പ്രക്ഷേപണങ്ങൾ, ടെലിഫോൺ ബന്ധങ്ങൾ ഇവയും സൌകര്യപ്പെടുത്തി കൊടുക്കേണ്ടതാണ്. തന്മൂലം ഗ്രാമീണർക്കു സാമ്പത്തികമായും സാംസ്കാരികമായും പലപല നേട്ടങ്ങൾ ലഭിക്കുന്നതാണ്.

10. ഗ്രാമങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കു് സഹകരണസംഘങ്ങൾ ശരിയായി നടത്തിയാൽ വളരെ പ്രയോജനമുണ്ടാകും, കൃഷികൊണ്ടുമാത്രം ഒരു ഗ്രാമത്തിലെ ജനങ്ങൾ ഐശ്വര്യം പ്രാപിക്കുകയില്ല. അവർക്കു വിശ്രമാവസരങ്ങളിൽ ചെയ്യാവുന്ന പല ഉപതൊഴിലുകൾകൂടി വേണം. അതിനു കുറഞ്ഞ പലിശയ്ക്കു പണം കിട്ടേണ്ടിയിരിക്കുന്നു. ഇതിനു പററിയ ഒരു സംഘടനയത്രെ സഹകരണസംഘം. അവയുടെ പ്രവർത്തനം ഇപ്പോൾ ന

മ്മുടെ ഗ്രാമങ്ങളിൽ അഭിവൃദ്ധി പ്രാപിക്കാതിരിക്കുന്നത്, അംഗങ്ങളുടെ സഹകരണ ബോധമില്ലായ്മമൂലമത്രെ. ഈ ന്യൂനതയെ പരിഹരിച്ച് ഗ്രാമീണരെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി, ശരിയായ മേൽനോട്ടത്തിൽ, സഹകരണ സംഘങ്ങൾ നടത്തുന്നപക്ഷം, അതു ഗ്രാമോദ്ധാരത്തിനു തുലോം പററിയ മാർഗ്ഗമത്രെ.

മേൽവിവരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനു ഗ്രാമങ്ങളിൽ വസിക്കുന്ന പൌരന്മാരുടെ ആത്മാർത്ഥമായ സഹകരണമുണ്ടായിരിക്കേണ്ടതാണ്. ഇങ്ങനെയുള്ള പൌരസഹകരണം കൂടാതെ സർക്കാരിന് നേരിട്ട് പലതും പ്രവർത്തിക്കുവാൻ സാധിക്കുന്നതല്ല. ആകയാൽ ഗ്രാമങ്ങൾ തോറും പഞ്ചായത്തുകൾ എന്നു വിളിക്കപ്പെടുന്ന ഗ്രാമീണഭരണസമിതികൾ സ്ഥാപിക്കണം. ഈ സമിതികളെ പൊതുജനങ്ങൾ തിരഞ്ഞെടുക്കുന്നതായിരുന്നാൽ നന്ന്. അവർ മേൽപ്പറഞ്ഞ ഗ്രാമോദ്ധാരണ പരിപാടികൾ സർക്കാർ നിയന്ത്രണത്തിൽ നടത്തണം. അതിനുള്ള ചെലവുകൾക്കുവേണ്ടി പ്രാദേശികനികുതികൾ ഏർപ്പെടുത്തണം. ഗവണ്മെൻറിൽനിന്നും ന്യായമായ കാര്യങ്ങൾക്ക് ഉദാരമായ ധനസഹായം ലഭിക്കേണ്ടതും ആവശ്യമത്രെ.

ചോദ്യങ്ങൾ.

1 ഗ്രാമങ്ങളെ ഉദ്ധരിക്കുവാനുള്ള 10 മാർഗ്ഗങ്ങൾ പറയുക.

2 പഞ്ചായത്ത് എന്നാൽ എന്ത്?

3 ഗ്രാമോദ്ധാരണത്തിനുള്ള ചെലവ് ആര് എങ്ങനെ വഹിക്കണം?

അദ്ധ്യായം 7.

നഗരങ്ങളും നഗരഭരണവും.

ഇൻഡ്യാമഹാരാജ്യത്തിൽ 2575 പട്ടണങ്ങളുണ്ടു്. അവയിൽ ചിലതു് വളരെ വിപുലവും ധാരാളം ജനങ്ങൾ തിങ്ങിപ്പാർക്കുന്നവയും ആണു്. കൽക്കട്ടാ, ബോംബെ, മദ്രാസ് ഇവയാണു് അവയിൽ പ്രധാനപ്പെട്ടതു്. ഒരുലക്ഷമോ അതിലധികമോ ആളുകൾ വസിക്കുന്ന നഗരത്തെ സിററി എന്നും, അയ്യായിരമോ അതിലധികമോ ആളുകൾ വസിക്കുന്ന നഗരത്തെ ടൗൺ എന്നും വിളിച്ചുവരുന്നു. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരം ഒരു സിററിയാണു്. തൃശ്ശൂർ, ഒല്ലൂർ, എറണാകുളം, കൊച്ചി, ആലുവാ, കോട്ടയം, ചങ്ങനാശേരി, തിരുവല്ലാ, കൊല്ലം. നാഗർകോവിൽ, ആലപ്പുഴ. മുതലായവ ടൗൺവിഭാഗത്തിൽപെടുന്നു. സിററികളുടെ ഭരണം നടത്തുന്ന സഭകൾക്കു കോപ്പ്റേഷൻ എന്നും ടൌണുകളുടെ ഭരണം നടത്തുന്ന സഭകൾക്കു് മുനിസിപ്പാലിററികൾ എന്നും പേരു പറയുന്നു.

നഗരങ്ങൾ എണ്ണത്തിൽ കുറവാണു്. എങ്കിലും അവയ്ക്കു് രാജ്യത്തിൽ വളരെ പ്രാധാന്യമുണ്ടു്. അവയിൽ ധാരാളം കോളേജുകൾ, ഹൈസ്കൂളുകൾ, മിഡിൽസ്കൂളുകൾ, പ്രൈമറിസ്കൂളുകൾ, ആശുപത്രികൾ, വൻതരം പീടികകൾ, നീതിന്യായക്കോടതികൾ, പോലീസ് താവളങ്ങൾ, വ്യവസായശാലകൾ, സിനിമാകൊട്ടകകൾ, നാടകശാലകൾ, ഹോട്ടലുകൾ, പൊതുവിഹാരരംഗങ്ങൾ, ഉദ്യാനങ്ങൾ, മുതലായവയും, മനോഹരമായ സർക്കാർമന്ദിരങ്ങളും, വിസ്താരമേറിയ തെരുവീഥികളും, ഗതാഗതസൗകര്യങ്ങളും കാണുന്നു. ഈ നഗരങ്ങളാണു് ഇൻഡ്യയിലെ 40 കോടി ജനങ്ങൾക്കു് ക്ഷേമപരമായും സംസ്കാരപരമായും ഉള്ള നേതൃത്വം നൽകുന്നതു്. വിദേശങ്ങളിൽ നിന്നും കപ്പലുകളും തീവണ്ടികളും വിമാനങ്ങളും വന്നടുക്കുന്നതിനുള്ള സൗകര്യങ്ങളും വൻപിച്ച നഗരങ്ങളിലുണ്ടാ

യിരിക്കും. വൻപട്ടണങ്ങളും ചെറുനഗരങ്ങളുമായി ഗതാഗതബന്ധങ്ങളുണ്ടു്. അതുകൂടാതെ തപാൽ, കമ്പി, ടെലഫോൺ മുതലായ ആശയവിനിമയമാൎഗ്ഗങ്ങൾമൂലം ലോകത്തിലെ നഗരങ്ങളെല്ലാംതമ്മിൽ ബന്ധിക്കപ്പെട്ടും ഇരിക്കുന്നു. ഗ്രാമങ്ങളിൽ ഈ വക സൗകൎയ്യങ്ങൾ അപൂർവമായിട്ടേയുള്ളു. അതാണു് നഗരങ്ങളുടെ പ്രാധാന്യത്തിനു കാരണം.

നഗരസഭകൾമൂലമാണു് നഗരങ്ങളുടെ ഭരണം നടന്നുകൊണ്ടിരിക്കുന്നതു്. നഗരസഭയിലെ അംഗങ്ങളിൽ അധികംപങ്കും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവരാണു്. മററു ചിലർ സ്ഥലത്തെ സൎക്കാരുദ്യോഗസ്ഥന്മാരത്രെ. സ്ഥലത്തെ തഹശീൽദാർ, മെഡിക്കൽആഫീസർ, എൻജിനീയർ മുതലായവരുടെ ഉപദേശങ്ങളും ആലോചനകളും അതതു നഗരങ്ങളുടെ ഭരണത്തിനു അത്യാവശ്യമാണല്ലോ. എന്നാൽ സൎക്കാരുദ്യോഗസ്ഥന്മാരുടെ തുക, ആകെയുള്ളതിൽ കാൽഭാഗത്തിൽ കവിയരുതെന്നു പ്രത്യേകന ബന്ധനയുണ്ടു്. നഗരവാസികളായ ജനങ്ങളുടെ താല്പൎയ്യമനുസരിച്ചു് ഭരണംനടത്തുന്നതിനുവേണ്ടിയത്രെ ഇപ്രകാരം ഒരു നിയമം വച്ചിരിക്കുന്നതു്.

ഭരണസൗകൎയ്യത്തിനുവേണ്ടി നഗരങ്ങളെ പല വാർഡുകൾ അഥവാ ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ വാർഡിൽനിന്നും ഒന്നോ അതിലധികമോ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു. പ്രായപൂർത്തിയായ എല്ലാം നഗരവാസിക്കും തിരഞ്ഞെടുപ്പിൽ പങ്കെടുക്കാം. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും, സൎക്കാരിൽനിന്നും നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുംകൂടി, ഒരു പ്രസിഡണ്ടിനെയും വൈസ്പ്രസിഡണ്ടിനെയും തിരഞ്ഞെടുക്കുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടായിരിക്കും നഗരസഭ കൂടുമ്പോൾ അദ്ധ്യക്ഷം വഹിക്കുന്നതു്. അദ്ദേഹം ഹാജരില്ലാത്ത അവസരങ്ങളിൽ അദ്ധ്യക്ഷം വഹിക്കുന്ന ആളത്രെ വൈസ്പ്രസിഡണ്ടു്.

നഗരസഭ ക്ലിപ്തകാലങ്ങളിൽമാത്രമേ കൂടുകയുള്ളു. സഭാംഗങ്ങൾ സ്വന്തമായി വേറെ പല ജോലികളും ഉള്ളവരാണു്. ആകയാൽ നഗരസഭയുടെ നിർദ്ദേശമനുസ

രിച്ചുള്ള ജോലികൾ നിർവഹിക്കുന്നതിനുവേണ്ടി ഓരോ മുനിസിപ്പൽ നഗരങ്ങളിലേക്കും സർക്കാരിൽനിന്നും ഓരോ മുനിസിപ്പൽ കമ്മീഷണർമാരെ നിയമിച്ചുവരുന്നു. ആ ഉദ്യോഗസ്ഥനാണ് നഗരസഭയുടെ നിർദ്ദേശങ്ങളെ നടപ്പിലാക്കുന്നതു്.

നഗരവാസികളുടെ നാനാവിധമായ സുഖസൗകര്യങ്ങൾ അപ്പഴപ്പോഴത്തെ ആവശ്യമനുസരിച്ച് നടത്തിക്കൊടുക്കുകയാണ് നഗരസഭയുടെ ജോലി. അവയിൽ ചിലവയെ താഴെ കുറിക്കാം.

(1) പട്ടണത്തിനുള്ളിൽ മലിനജലം കെട്ടികിടക്കുന്നതുമൂലം പല രോഗങ്ങളുണ്ടാകും. അതിനാൽ അതിനു് ഒഴിവുണ്ടാക്കിക്കൊടുക്കണം. ഓടകൾ, ചാലുകൾ ഇവയെ കെട്ടുകയും കേടുകൂടാതെ സൂക്ഷിക്കുകയും ചെയ്യണം.

(2) പല പട്ടണങ്ങളിലും ശുദ്ധജലം വേണ്ടിടത്തോളം കിട്ടുന്നില്ല. അതിനാൽ ശുദ്ധജലംവരുത്തി ഓരോ വീട്ടിലേക്കും കുഴൽവഴി വിതരണം ചെയ്യണം.

(3) ചിലപട്ടണങ്ങളുടെ അടുത്തു് ചതുപ്പുനിലങ്ങളുണ്ടായിരിക്കും. അവമൂലം രോഗാണുക്കൾ പട്ടണത്തിൽ വ്യാപിക്കാനിടയുണ്ട്. അതിനാൽ അവയെനികത്തണം.

(4) ആശുപത്രികളും ആതുരശാലകളും ഏർപ്പെടുത്തി രോഗികളെ ചികിത്സിക്കുകയും നിസ്സഹായരായ പാവങ്ങളെ രക്ഷിക്കുകയും ചെയ്യണം.

(5) പട്ടണങ്ങളിൽ മസൂരി, വിഷൂചിക, പ്ലേഗ്, ടൈഫോയിഡ്പനി, മുതലായ പകർച്ചവ്യാധികൾ വ്യാപിക്കാതെയിരിക്കുന്നതിനുവേണ്ടി കുത്തിവയ്പ്പ് നടത്തണം.

(6) പബ്ളിക്കക്കൂസുകൾ, മൂത്രപ്പുരകൾ, ഇവ ധാരാളമായി കെട്ടിയുണ്ടാക്കണം. അവയെ എപ്പോഴും വൃത്തിയായി സൂക്ഷിക്കുയും വേണം.

(7) ശവശരീരങ്ങൾ മറവുചെയ്യുന്നതിനുവേണ്ടസ്ഥലസൗകര്യങ്ങളുണ്ടാക്കി കൊടുക്കണം.

(8) പട്ടണത്തിൽ അഗ്നിബാധയുണ്ടായാൽ ഉടൻഅതിനെ ശമിപ്പിക്കുന്നതിനു വേണ്ട യന്ത്രസാമഗ്രികൾ തയാർ ചെയ്തുവച്ചിരിക്കണം.

(9) നഗരങ്ങളിൽ ആവശ്യമുള്ളസ്ഥലങ്ങളിലെല്ലാം വിളക്കുകൾ വയ്ക്കണം.

(10) നഗരത്തിനുള്ളിൽ പ്രൈമറി വിദ്യഭ്യാസത്തിനുവേണ്ട സൌകര്യങ്ങളില്ലെങ്കിൽ അതിനു പരിഹാരമുണ്ടാക്കണം.

(11) നഗരത്തിനുള്ളിൽ ഗ്രന്ഥശാലകൾ വായനശാലകൾ, ഉദ്യാനങ്ങൾ, പൊതുവിഹാരസ്ഥലങ്ങൾ, സംഗീതശാലകൾ ഇവ ഏർപ്പെടുത്തണം.

(12) ജനനമരണക്കണക്കുകൾ സൂക്ഷിക്കണം.

(13) നഗരങ്ങൾക്കുള്ളിലുള്ള ഗതാഗതമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കണം.

(14) മേല്പറഞ്ഞ ഇനങ്ങൾക്കും ഉദ്യോഗസ്ഥന്മാരുടെ ശമ്പളംവകയ്ക്കും വേണ്ടപണം ജനങ്ങളിൽനിന്നും നികുതിയായി പിരിച്ചെടുക്കണം.

നഗരസഭ ഒരു സ്വയംഭരണസ്ഥാപനമാണ്. അതിലെ പ്രവർത്തനങ്ങൾ അധികവും ഒരു പ്രത്യേക നഗരത്തിലെ പൌരന്മാരുടെ ഹിതത്തെ അനുസരിച്ചായിരിക്കണമെന്നുണ്ട്. പക്ഷേ ചില കാര്യങ്ങളിൽ അവയ്ക്ക് സർക്കാരിന്റെ സമ്മതംകൂടി വേണ്ടതാണ്. അല്ലെങ്കിൽ നാട്ടിന്റെ പൊതുതാല്പര്യങ്ങൾക്കു വിരോധമായിത്തീർന്നേക്കാം. ആകയാൽ മുനിസിപ്പൽഭരണം തൃപ്തികരമല്ലെന്നു കാണുന്നപക്ഷം സർക്കാരിന് അതിൽ ഇടപെടുന്നതിനുള്ള അധികാരവും അവകാശവും ഉള്ളതാകുന്നു.

രാജ്യാതിർത്തിയിലുള്ള നഗരങ്ങളെ സുന്ദരവും മനോഹരവും ആക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഇന്നു സകല ഗവണ്മെന്റുകളും ചെയ്തുവരുന്നുണ്ട്. തെരുവീഥികളെ വിസ്താരപ്പെടുത്തുന്നതിനും സിമിന്റുകൊണ്ടോ താറുകൊണ്ടോ തറ നിരപ്പാക്കി ബലപ്പെടുത്തുന്നതിനും ഉള്ള പദ്ധതികൾ പലയിടങ്ങളിലും സ്വീകരിച്ചുവരുന്നു. ഉദ്യാനങ്ങൾ, വിഹാരരംഗങ്ങൾ, റേഡിയോപ്രക്ഷേപണസൌകര്യങ്ങൾ, ഇവയെല്ലാം ഇപ്പോൾ പട്ടണങ്ങളിൽ ഏർപ്പെടുത്തിവരുന്നുണ്ട്.

ധാരാളംജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളാണല്ലോ നഗരങ്ങൾ. അതിനാൽ ഇവിടങ്ങളിൽ ധാരാളം പൊതുസ്ഥാപനങ്ങളുണ്ടാവാം. അവയിൽ പലതിന്റെയുംപേരുകൾ കഴിഞ്ഞഅദ്ധ്യായത്തിൽ നാം വിവരിച്ചുകഴിഞ്ഞു. ഇക്കാലത്തു വളരെ പ്രാധാന്യം അർഹിക്കുന്ന വേറൊരു സ്ഥാപനമത്രേ യാചകമന്ദിരം. നമ്മുടെ രാജ്യത്തിൽ പിച്ചതെണ്ടി അലഞ്ഞുനടക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അതു വളരെ നിർഭാഗ്യകരമത്രെ. ശരീരബലമുള്ളവർ വേലചെയ്തു കാലക്ഷേപം നടത്തണം. വേലചെയ്യിക്കുവാൻ ആളില്ലെങ്കിൽ സർക്കാരിൽനിന്നോ മുനിസിപ്പാലിററികളിൽനിന്നോ അവർക്കു വേലയുണ്ടാക്കികൊടുക്കണം. വയസ്സോ രോഗമോമൂലം അവർക്കു വേലചെയ്യാൻ പാടില്ലെങ്കിൽ സർക്കാർസഹായത്തോടുകൂടി പൊതുജനങ്ങൾ അവരെ പരിപാലിക്കുകതന്നെവേണം. അതിനുവേണ്ടിയുള്ള യാചകകേന്ദ്രങ്ങളും ആതുരശാലകളും നമ്മുടെനഗരങ്ങളോടനുബന്ധിച്ചു നടത്തേണ്ടിയിരിക്കുന്നു. അതു് നഗരവാസികളുടെ ആരോഗ്യപരിപാലനത്തിനും സന്മാർഗ്ഗവർദ്ധനവിനും അത്യാവശ്യവും ആണ്.

ദരിദ്രന്മാരും അറിവില്ലാത്തവരുമായ ആളുകൾ താമസിക്കുന്ന വൃത്തികെട്ട ചേരികൾ ഇന്നു പല നഗരങ്ങളിലും കാണുന്നുണ്ടു്. അവയെ ശുചിയാക്കി സൂക്ഷിക്കുവാൻ നഗരസഭകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവിടെ പകർച്ചവ്യാധികൾ ഉത്ഭവിക്കുകയും പട്ടണത്തിന്റെ വിവിധഭാഗങ്ങളിലേക്കു വ്യാപിക്കുകയും ചെയ്യും.

ഇതുപോലെതന്നെ വളരെ വൃത്തികേടുകൾ നിറഞ്ഞ സ്ഥലങ്ങളാണ് നമ്മുടെ നഗരങ്ങളിലെ മാർക്കററുകൾ അഥവാ ചന്തസ്ഥലങ്ങൾ. പലസ്ഥലങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറിസാധനങ്ങളുടെയും മത്സ്യമാംസാദികളുടെയും ഉച്ഛിഷ്ടങ്ങൾ ഇവിടെ കുന്നുകുന്നായി കൂടി ദുർഗ്ഗന്ധം പുറപ്പെടുവിക്കുന്നു. ഈവക വൃത്തികേടുകളെ അപ്പഴപ്പോൾ മാററിക്കൊടുക്കുവാൻ മുനിസിപ്പാലിററികൾ ശ്രദ്ധിക്കണം.

ചോദ്യങ്ങൾ

1. മുനിസിപ്പാലിററികൾ എന്നാൽ എന്തു്? അവയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നവിധം വിവരിക്കുക.

2. നഗരസഭയുടെ ജോലികളെ വിവരിക്കുക.

3. യാചകപ്രശ്നം, വൃത്തികെട്ട ചേരികൾ, മാർക്കററുകൾ ഇവ സംബന്ധിച്ചു മുനിസിപ്പാലിററികൾ എന്തൊക്കെ ചെയ്യണം?

മിഡിൽ സ്ക്കൂൾ

പൌരധൎമ്മം

രണ്ടാംഫാറത്തിലേയ്ക്കുള്ളതു്.

അദ്ധ്യായം 1.

സൎക്കാരിൻെറ ഭരണഘടകങ്ങൾ.

നാം ഇതുവരെ പഠിച്ചതു് നമ്മുടെ ഗ്രാമങ്ങളിലേയും നഗരങ്ങളിലെയും ഭരണം നടക്കുന്നവിധത്തെപ്പററിയാണു്. ഇനിയും നമുക്കു പഠിക്കുവാനുള്ളതു് ഒരു പ്രദേശത്തെ സർക്കാരിൻെറ ഭരണം എങ്ങനെ നടക്കുന്നു എന്നാണു്.

സൎക്കാർ എന്ന പദത്താൽ നാം ഇവിടെ മനസ്സിലാക്കുന്നതു് അദ്യമായി തിരുവിതാംകൂർ-കൊച്ചി ഐക്യനാടിനെ ഭരിച്ചുകൊണ്ടുപോകുന്ന ഗവൎമ്മെണ്ടിനെയാണു്. അതിനെ ഒരു യന്ത്രത്തോടു് താരതമ്യപ്പെടുത്തിയാൽ, അതിൽ ചില പ്രത്യേകഭാഗങ്ങളെ വേറെ വേറെ കാണുവാൻ നമുക്കു സാധിക്കും.

നിയമനിൎമ്മാണവിഭാഗം.

നമ്മുടെ സൎക്കാരിൻെറ ഭരണയന്ത്രത്തിൽ അദ്യമായി നാം കാണുന്ന ഭാഗം ജനപ്രതിനിധിസഭയത്രെ. ഇതിനെ നിയമസഭ എന്നും ലെജിസ്ലേററീവ് അസംബ്ലി എന്നും പറയും. ഈ സഭ ആണ്ടിൽ പല പ്രാവശ്യം തിരുവനന്തപുരത്തു സമ്മേളിക്കുന്നു. ഈ രാജ്യത്തുള്ള പൊതുജനങ്ങൾക്കു പ്രധാന പൊതുകാൎയ്യങ്ങളെപ്പററിയുള്ള അ

ഭിപ്രായങ്ങൾ എന്താണെന്നു് അവിടെ അവർ പ്രസ്താവിക്കുന്നു. പിന്നീട്ട് അതേപ്പററിയുള്ള വാദപ്രതിവാദങ്ങൾ നടക്കുന്നു. ഒടുവിൽ ഭൂരിപക്ഷത്തിൻെറ അഭിപ്രായഗതിയനുസരിച്ചു് അവിടെ ഓരോ രാജ്യനിയമങ്ങൾ പാസ്സാക്കപ്പെടുന്നു. ഈ നിയമങ്ങളനുസരിച്ചാണു്.രാജ്യത്തിലുള്ള വിവിധ വകുപ്പുകളിലെ ഭരണം നടന്നുകൊണ്ടിരിക്കുന്നതു്. ജനങ്ങളുടെ പ്രതിനിധികളാണു് നിയമസഭയിലെ അംഗങ്ങൾ. അവരുടെ ഹിതമനുസരിച്ചാണു് രാജ്യഭരണം നടക്കുന്നതു്. അതുകൊണ്ടാണു് ഇപ്പോഴത്തെ ഭരണം ഒരു ജനകീയഭരണമാണെന്നു പറയുന്നതു്.

നിയമസഭയ്ക്കു വേറെ ഒരു ജോലികൂടിയുണ്ടു്. അതു പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുകയാണു്. അദ്ദേഹമാണു് ഇതരമന്ത്രിമാരെ തിരഞ്ഞെടുക്കുന്നതു്. തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തിൽ ഇപ്പോൾ അഞ്ചു മന്ത്രിമാരടങ്ങിയ ഒരു മന്ത്രിസഭയുണ്ടു്. അവരാണു് ഈ രാജ്യത്തെ ഭരണം നിർവ്വഹിച്ചുകൊണ്ടുപോകുന്നതു്. രാജ്യഭരണം സംബന്ധിച്ചുള്ള പ്രധാന കാര്യങ്ങളെല്ലാം അവർ തമ്മിൽ ആലോചിച്ചാണു് തീരുമാനിക്കുന്നതു്. ആകയാൽ ഈ നാട്ടിലെ ജനകീയഭരണം സാക്ഷാൽ നിർവ്വഹിക്കുന്നതു് ഈ മന്ത്രിസഭയാണെന്നു പറയാം.

എക്സിക്യൂട്ടീവ് വിഭാഗം.

ഭരണയന്ത്രത്തിൻെറ രണ്ടാമത്തെ വിഭാഗത്തിനു് എക്സിക്യൂട്ടീവു് വിഭാഗമെന്നാണു് പേരു്. നിയമനിർമ്മാണവിഭാഗത്തിൽ പല നിയമങ്ങൾ പാസ്സാക്കുകയും തീരുമാനങ്ങൾ ചെയ്യുകയും ചെയ്യുന്നു. അതെല്ലാം നടപ്പിൽ വരുത്തുന്ന ജോലി എക്സിക്യൂട്ടീവു് വിഭാഗത്തിനാണു്.

നമ്മുടെ നാട്ടിൽ എക്സിക്യൂട്ടീവു് വകുപ്പിൽ ഏററവും പ്രധാനസ്ഥാനം വഹിക്കുന്നതു് രാജപ്രമുഖനാണു്. രാജപ്രമുഖന്മാരില്ലാത്ത, മദ്രാസ്, ബോംബെ, തുടങ്ങിയ സംസ്ഥാനങ്ങളിൽ ആ സ്ഥാനം ഗവർണർമാൎക്കാണു്. അ

ടുത്ത സ്ഥാനം മന്ത്രിസഭയ്ക്കത്രെ. മന്ത്രിസഭയാണ് സാക്ഷാ
ൽ ഭരണയന്ത്രം തിരിക്കുന്നതെന്നു പറയാം. അവരുടെ
നിർദ്ദേശമനുസരിച്ചാണ് ഒരു രാജ്യത്തിലെ വിവിധ
ഡിപ്പാർട്ടുമെൻറു മേലധികാരികൾ ഭരണം നടത്തുന്നതു്.
അങ്ങനെ പോലീസ് ഡിപ്പാർട്ടുമെൻറ് രാജ്യമാസകലം
ക്രമവും സമാധാനവും പാലിക്കുന്നു. സൈനികഡിപ്പാർ
ട്ടുമെൻറാണ് രാജ്യത്തെ ബാഹ്യശത്രുക്കളിൽനിന്നും ര
ക്ഷിക്കുന്നതു്. റവന്യൂഡിപ്പാർട്ടുമെൻറ് കരം ഈടാക്കു
ന്നു. എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറ്, ഗതാഗതമാ
ർഗ്ഗങ്ങൾ ശരിപ്പെടുത്തുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു
വിദ്യാഭ്യാസപ്രവർത്തനത്തെ നിയന്ത്രിക്കുന്നു. കൃഷി, ഇറി
ഗേഷൻ, സഹകരണം തുടങ്ങി രാജ്യത്തിൻെറ സാമ്പ
ത്തികകഴിവുകളെ വികസിപ്പിക്കുവാനുള്ള ഭരണവകുപ്പു
കളുമുണ്ടു്. മെഡിക്കൽവകുപ്പും സാനിറേറഷൻവകുപ്പും
പൊതുജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുകയും
രോഗങ്ങളെ ചികിത്സിച്ചു ഭേദപ്പെടുത്തുകയും ചെയ്യുന്നു.
ഈവക വകുപ്പുകളുടെയെല്ലാം അദ്ധ്യക്ഷന്മാരും, അവരു
ടെ കീഴ്സിൽബന്തികളും വിപുലമായ എക്സിക്യൂട്ടീ
വ് വിഭാഗത്തിൽ പെട്ടവരത്രെ. അവരെല്ലാവരുംകൂടി
യാണല്ലോ ഒരു രാജ്യത്തിലെ ഭരണം നിർവ്വഹിച്ചുപോ
രുന്നതു്.

പക്ഷേ അത്ര വിപുലമായ ഒരർത്ഥത്തിലല്ല ഇപ്പോൾ
നാം എക്സിക്യൂട്ടീവ് വിഭാഗത്തെപ്പററി ചിന്തിച്ചുവ
രുന്നതു്. വകുപ്പുദ്യോഗസ്ഥന്മാരും അവരുടെ കീഴ്സിൽ
ബന്തികളും ഭരണനയം രൂപവൽക്കരിക്കുന്നവരല്ല. അവ
രിൽ പലരും ദീർഘദൃഷ്ടിയും ഭരണസാമർത്ഥ്യവും ഉള്ളവരാ
യിരിക്കണമെന്നില്ല. എന്നാൽ മന്ത്രിസഭയിലെ അംഗങ്ങ
ളും അവരുടെ ഉപദേശകന്മാരുമാണ് സാക്ഷാൽ രാജ്യഭ
രണത്തിൽ നേതൃത്വം വഹിക്കുന്നതു്. അവരെപ്പററിയാ
ണ് സർക്കാരിൻെറ എക്സിക്യൂട്ടീവ് വിഭാഗം എന്നു സാ
ധാരണ പറയാറുള്ളതു്.

അവതമ്മിലുള്ള യോജിപ്പ്.

സർക്കാർ ഭരണയന്ത്രത്തിലെ രണ്ടുവിഭാഗങ്ങളെപ്പറ്റി നാം ഇപ്പോൾ പഠിച്ചുകഴിഞ്ഞു. അതായതു നിയമനിർമ്മാണവിഭാഗത്തെപ്പറ്റിയും എക്സിക്യൂട്ടീവ് വിഭാഗത്തെപ്പറ്റിയും. ഈ വിഭാഗങ്ങൾ തമ്മിൽ വളരെ യോജിപ്പിലാണു് നമ്മുടെ രാജ്യത്തിൽ കഴിഞ്ഞുകൂടുന്നതു്. എന്നാൽ മുൻകാലങ്ങളിൽ പല രാജ്യത്തിലും അങ്ങനെയല്ലായിരുന്നു. അന്നു് രാജാക്കന്മാർ സ്വന്ത ഇഷ്ടംപോലെയാണു് രാജ്യഭാരം നടത്തിയിരുന്നതു്. ജനങ്ങളുടെ പ്രതിനിധികളെ ചില രാജാക്കന്മാർ വിളിച്ചുകൂട്ടിയിരുന്നു. പക്ഷെ അവരുടെ അഭിപ്രായങ്ങൾ മുഴുവനായി രാജാക്കന്മാർ സ്വീകരിച്ചിരുന്നില്ല. അവർ തന്നിഷ്ടപ്രകാരം മന്ത്രിമാരെ നിയമിച്ചിരുന്നു. ആ മന്ത്രിമാരാകട്ടെ രാജകല്പന അനുസരിച്ചു് രാജ്യം ഭരിക്കുകയും ചെയ്തുവന്നു. അപ്പോൾ ജനപ്രതിനിധികളും എക്സിക്യൂട്ടീവ് വിഭാഗങ്ങളും തമ്മിൽ ഘോരമായ യുദ്ധം നടക്കുവാനിടയായി. ഇങ്ങനെയുള്ള യുദ്ധങ്ങൾ ഇംഗ്ലണ്ടിലും ഫ്രാൻസിലും നടന്നിട്ടുണ്ടു് അതുമൂലം രാജ്യത്തിനു വളരെ നഷ്ടങ്ങളും അപകടങ്ങളും ഉണ്ടായിട്ടുമുണ്ടു് ഇങ്ങനെ ഒരു വിപത്തു മേലിൽ ഉണ്ടാകാതെയിരിക്കുന്നതിനായിട്ടാണു് ഇപ്പോഴത്തെ രീതി സ്വീകരിച്ചിട്ടുള്ളതു്. ഈ രീതിഅനുസരിച്ചു്, എക്സിക്യൂട്ടീവുവിഭാഗം, നിയമനിർമ്മാണവിഭാഗത്തോടു ഉത്തരവാദിയായിട്ടാണു ഇരിക്കുന്നതു്. അതായതു് മന്ത്രിസഭ നിയമസഭയുടെ നിർദ്ദേശം അനുസരിച്ചുവേണം ഭരിക്കുവാൻ. അല്ലെങ്കിൽ മന്ത്രിസഭയെ നീക്കംചെയ്യുവാൻ നിയമസഭയ്ക്കു അധികാരമുണ്ടു്. ഈ ബന്ധംമൂലമത്രെ ഈ ഭരണരീതിയെ ജനകീയഭരണമെന്നും ഉത്തരവാദഭരണമെന്നും വിളിച്ചുവരുന്നതു്.

നീതിന്യായവിഭാഗം.

സർക്കാരിന്റെ മൂന്നാമത്തെ ഭരണഘടകത്തെ നീതിന്യായവിഭാഗം എന്നു പറയാം. ഇതിനു് ഇംഗ്ലീഷിൽ

പറയുന്നതു ജുഡീഷ്യറി എന്നാണു്. തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിൽ നീതിന്യായം നടത്തുന്ന പ്രധാന കോടതി, എറണാകുളം നഗരത്തിൽ സ്ഥിതിചെയ്യുന്ന ഹൈക്കോടതിയത്രെ. ഈ ഹൈക്കോടതി എക്സിക്യൂട്ടീവിന്റെയൊ നിയമസഭയുടെയോ കീഴിലല്ല. അപ്പഴപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങളെ ഹൈക്കോടതി ജഡ്ജിമാർ വ്യാഖ്യാനിക്കുകയും, അവയുടെ താല്പര്യമനുസരിച്ചു കേസുകൾ വിധിക്കുകയും ചെയ്യുന്നു. ചില കേസുകളിലെ വാദിയോ പ്രതിയോ. സർക്കാരായി എന്നു വരാം. ചിലപ്പോൾ സർക്കാരുദ്യോഗസ്ഥന്മാരൊ വലിയ പ്രബലന്മാരൊ വാദി-പ്രതികളായി എന്നുവരാം. അവരെ ഒന്നും ഭയപ്പെടാതെയും, അവരോടു പ്രത്യേക പക്ഷം കാണിക്കാതെയും, നിയമമനുസരിച്ചു് വിധി എഴുതുവാൻ തക്ക അറിവും ധൈര്യവുമുള്ള ആളുകളെ മാത്രമേ ജഡ്ജിമാരായി നിയമിക്കുകയുള്ളു. അതിനു അവർക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യവും ഉദ്യോഗസ്ഥിരതയും അനുവദിച്ചുകൊടുത്തിട്ടുണ്ടു്. അല്ലെങ്കിൽ അവർക്കു അവരുടെ ജോലി ശരിയായി നിർവ്വഹിക്കുവാൻ സാധിക്കുകയില്ല.

ഹൈക്കോടതിയുടെ കീഴിൽ ഡിസ്ട്രിക്റ്റ് കോടതികളും അവയ്ക്കു കീഴിൽ മുനിസിപ്പുകോടതി, മജിസ്ട്രേട്ടു കോടതി ഇവയും നമ്മുടെ രാജ്യത്തിൽ സ്ഥാപിച്ചിട്ടുണ്ടു്. അവയെല്ലാവരും ഹൈക്കോടതിയുടെ പരിപൂർണ്ണനിയന്ത്രണത്തിലാണു്. ആകയാൽ കേസുകൾ വിധിക്കുന്ന വിഷയത്തിൽ അവയ്ക്കെല്ലാം പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടു്. എക്സിക്യൂട്ടീവിനും നിയമസഭയ്ക്കും അവരുടെമേൽ അധികാരമില്ല.

കേന്ദ്രഗവൺമെന്റുമായുള്ള ബന്ധം.

ബ്രിട്ടീഷ് ഭരണകാലത്തും അതിൽ പിന്നീടും തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ് മേൽക്കോയ്മയുടെ കീഴിൽ സംരക്ഷിതരാജ്യങ്ങളായി കഴിച്ചുകൂട്ടിയിരുന്നു. ഈ രാജ്യങ്ങളുടെ ആന്തരികഭരണത്തിൽ ബ്രിട്ടീഷുകാരുടെ വക ഇൻഡ്യൻകേന്ദ്രഭരണത്തിനു യാതൊരു അധികാ

രവുമില്ലായിരുന്നു. പക്ഷെ 1949 ജൂലൈ 1-ാംനു-മുതൽ ഈ രണ്ടു രാജ്യങ്ങളുടെയും ഭരണം സംയോജിപ്പിക്കുകയുണ്ടായി. ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഭരണഘടനപ്രകാരം ഈ തിരുവിതാംകൂർകൊച്ചി സംസ്ഥാനം ഭാരതയൂണിയനിലെ ഒരു പ്രവിശ്യ ആയി തീൎന്നിരിക്കുകയാണ്. ഗതാഗതം, സൈനികം, കമ്പി, തപാൽ, റേഡിയോ, ആദായനികുതി, കടൽചുങ്കം മുതലായ വകുപ്പുകൾ കേന്ദ്രഗവമ്മെണ്ടിൽ നിന്നും ഏറ്റെടുത്തിരിക്കുകയാണ്. ഇതര വിഷയങ്ങളിൽ നമുക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും കേന്ദ്രഗവമ്മെണ്ടിന്റെ നിയന്ത്രണങ്ങൾക്ക് നാം വിധേയരാണ്. വില്ലേജ് പഞ്ചായത്തുകളും മുനിസിപ്പാലിററികളും സക്കാരിന്റെ നിയന്ത്രണത്തിലാണെന്നു നാം പറഞ്ഞിട്ടുണ്ടല്ലോ. അതേ കാരണത്താൽ തന്നെയാണ് ഇൻഡ്യയിലെ പ്രാദേശിക ഗവമ്മെണ്ടുകളെയെല്ലാം കേന്ദ്രഗവമ്മെണ്ടിന്റെ നിയന്ത്രണത്തിൽ കഴിച്ചുകൂട്ടുന്നതു്.

ചോദ്യങ്ങൾ

1 നിയമനിമ്മാണവിഭാഗം എന്നാൽ എന്ത്?

2 ജനകീയഭരണം എന്നാലെന്തെന്നു വിവരിക്കുക.

3 എക്സിക്യൂട്ടീവ് വിഭാഗത്തിന്റെ ജോലികളെന്ത്?

4 ഉത്തരവാദഭരണം എന്നു ഇന്നത്തെ ഭരണസമ്പ്രദായത്തിനു പേരുണ്ടായതെങ്ങനെ?

5 "നീതിന്യായവിഭാഗം സ്വതന്ത്രമാണ്"—ഈ വാക്യത്തിലടങ്ങിയിരിക്കുന്ന ആശയം വിശദമാക്കുക.

6 കേന്ദ്രഗവമ്മെൻറു ഏറ്റെടുത്തിട്ടുള്ള ഭരണവകുപ്പുകൾ ഏതെല്ലാം?

7 ഇങ്ങനെ ചെയ്യുന്നതിനുള്ള ന്യായമെന്താണ്?

അദ്ധ്യായം 2

ഇൻഡ്യാഭരണം.

ഇൻഡ്യാ മഹാരാജ്യത്തിന്റെ ഭരണഘടന പ്രസിദ്ധപ്പെടുത്തിയിട്ട് ഇനിയും അധികകാലമായിട്ടില്ല. വളരെ വിസ്താരമേറിയ ഒരു മഹാരാജ്യമാണല്ലോ ഇൻഡ്യാ. ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ചപ്പോൾ ഈ മഹാരാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. വടക്കു പടിഞ്ഞാറും വടക്കു കിഴക്കും മുസ്ലിമിങ്ങൾ തിങ്ങിവസിക്കുന്ന ദേശങ്ങൾ പാക്കിസ്ഥാൻ എന്ന പേരിൽ മാറിനിൽക്കുന്നു. അവയൊഴികെ ഇൻഡ്യാ മഹാരാജ്യത്തിലുള്ള സകല ദേശവാഡികളും കൂടി ഇൻഡ്യാ യൂണിയൻ എന്നറിയപ്പെടുന്ന ഒരു വപുല രാഷ്ട്രമായിത്തീർന്നിരിക്കുകയാണ്.

ഈ ഇൻഡ്യാ യൂണിയനിൽ പല പ്രാദേശിക സംസ്ഥാനങ്ങൾ ഉൾപ്പെടുന്നു. ഇവയെ എ, ബി. സി എന്നിങ്ങനെ 16 ഗ്രൂപ്പായി വിഭജിച്ചിരിക്കുന്നു.

എ. ഗ്രൂപ്പ്	ബി. ഗ്രൂപ്പ്	സി. ഗ്രൂപ്പ്.
1 ആസ്സാം	1 ഹൈദരബാദ	1 അജ്മീർ
2 ബീഹാർ	2 ജമ്മു-കാശ്മീർ	2 ഭോപ്പാൽ
3 ബോംബെ	3 മദ്ധ്യഭാരതം	3 ബിലാസ്പുരം
4 മദ്ധ്യപ്രദേശം	4 മൈസൂർ	4 കൂച്ബിഹാർ
5 മദ്രാസ്	5 പട്യാലയും പൂർവ്വപഞ്ചാബും	5 കൂർഗ്
6 ഒറീസ്സാ	6 രാജസ്ഥാനം	6 ഡെൽഹി
7 പഞ്ചാബ്	7 സൌരാഷ്ട്രം	7 ഹിമാചലപ്രദേ
8 യൂ. പി.	8 തിരു-കൊച്ചി	8 കച്ച്. (ശം
9 പശ്ചിമബങ്കാൾ	9 വിന്ധ്യപ്രദേശം	9 മണിപ്പൂർ
		10 ത്രിപുരം

ഡി. ഗ്രൂപ്പിൽ പെട്ടതായി ആൻഡമാൻ നിക്കോബർദ്വീപുകൾ മാത്രമേ ഉള്ളൂ. ഇങ്ങനെ ഇൻഡ്യാ യൂണിയനിൽ ആകെ 30 പ്രാദേശിക സംസ്ഥാനങ്ങൾ ഉൾപ്പെട്ടി

ട്ടുണ്ടു്. ഇവയിലെല്ലാം ഓരോ പ്രാദേശിക ഗവമ്മെണ്ടുകളും നിലവിലിരിക്കുന്നു

ഇത്രവളരെ പ്രാദേശിക സംസ്ഥാനങ്ങളുള്ള ഒരു രാജ്യത്തിൽ ജനഹിതമനുസരിച്ചുള്ള ഭരണം ശരിയായി നടക്കുന്നതിനുവേണ്ടി പല വ്യവസ്ഥകളും നമ്മുടെ ഭരണഘടനയിൽ ചേർത്തിട്ടുണ്ടു്. ഉയന്ന ക്ലാസ്സുകളിൽ കയറുമ്പോൾ അവയെപ്പററി എല്ലാം വിസ്തരിച്ചു പഠിക്കുവാൻ നിങ്ങൾക്കു സാധിക്കും. ഇപ്പോൾ ചുരുക്കമായി പഠിക്കുവാനേ നമുക്കു സാധിക്കുകയുള്ളു.

യൂണിയൻ എക്സിക്യൂട്ടീവ്.

ഇൻഡ്യാ യൂണിയനിലെ എക്സിക്യൂട്ടീവ്വിഭാഗത്തെപ്പററി നമുക്കു ആദ്യമായി പഠിക്കാം. ഈ വിഭാഗത്തിൻെറ തലവൻ ഇൻഡ്യാ യൂണിയൻപ്രസിഡണ്ടാണു്. അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നതു് ജനപ്രതിനിധി സഭകളാണു്. 5 കൊല്ലമാണു ആ ഉദ്യോഗസ്ഥൻെറ കാലാവധി. രാജ്യത്തെ ഭരിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിനുവേണ്ട ഉപദേശങ്ങളും സഹായസഹകരണങ്ങളും നൽകുന്നതു് മന്ത്രിസഭയും, അഡ്വൊക്കെററു ജനറാൾ എന്നു പേരുള്ള ഒരു നിയമ പണ്ഡിതനുമാണു്. ഈ രാജ്യത്തെ നാവികപ്പടയും വിമാനസൈന്യവും കരസൈന്യവുമെല്ലാം പ്രസിഡണ്ടിൻെറ കീഴിലാണു്. അവയുടെ ഭരണം ഇദ്ദേഹം നടത്തിക്കൊണ്ടുപോകുന്നതു് സൈനികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ള മററുദ്യോഗസ്ഥന്മാർ മുഖേനയത്രെ.

യൂണിയൻപാർലമെൻറു്

ഇൻഡ്യായൂണിയൻഭരണം നേരിട്ടു നടത്തുന്നതിനുവേണ്ടി ഒരു നിയമസഭയുണ്ടു്. അതു സമ്മേളിക്കുന്നതു് ന്യൂഡെൽഹിനഗരത്തിലാണു്. ഈ നിയമസഭയെ ഇൻഡ്യൻപാർലമെൻറു് എന്നാണു വിളിക്കുന്നതു്. ഇംഗ്ല

ണ്ടില്‍ ഈ ഒരു പാര്‍ലമെന്‍റുള്ളതായി നിങ്ങള്‍ കേട്ടുകാണും. അതില്‍ പ്രഭുസഭയെന്നും കോമണ്‍സ് സഭ എന്നും രണ്ടു മണ്ഡലങ്ങളുണ്ടു്. അതുപോലെതന്നെ, ഇന്‍ഡ്യന്‍ പാര്‍ലമെന്‍റിനും രണ്ടു മണ്ഡലങ്ങളുണ്ടു്. അവയില്‍ ഉപരിമണ്ഡലത്തിന്‍റെ പേരു കൌണ്‍സില്‍ ഓഫ് സ്റ്റേറ്റു് എന്നാണു്. അതില്‍ വിവിധ സംസ്ഥാനങ്ങളുടെ പ്രതിനിധികളായി 238 അംഗങ്ങളോളം ഉണ്ടാകാം. 12 പേരെ പ്രസിഡണ്ടിനു നേരിട്ടു നാമനിര്‍ദ്ദേശം ചെയ്യാന്‍ അധികാരമുണ്ടു്. ജനകീയമണ്ഡലം (House of the people) എന്നാണു ഇന്‍ഡ്യന്‍പാര്‍ലമെന്‍റിലെ അധോമണ്ഡലത്തിന്‍റെ പേരു്. അതില്‍ 500 അംഗങ്ങളുണ്ടായിരിക്കും. അവരെ തെരഞ്ഞെടുക്കുന്നതു വിവിധ സംസ്ഥാനങ്ങളിലെ വോട്ടര്‍മാരാണു്. ഈ രണ്ടു മണ്ഡലങ്ങളിലും ചെയ്യുന്ന തീരുമാനങ്ങളനുസരിച്ചാണു് ഇന്‍ഡ്യാമഹാരാജ്യത്തിന്‍റെ കേന്ദ്രഭരണം നടന്നുകൊണ്ടുപോകുന്നതു് ഈ തീരുമാനങ്ങള്‍ക്കു രാജ്യനിയമങ്ങളുടെ സ്ഥാനമാണുള്ളതു്. ഈ നിയമങ്ങളെല്ലാം കേന്ദ്രഗവണ്മെണ്ടിന്‍റെ കീഴിലുള്ള വിവിധ ഡിപ്പാര്‍ട്ടുമെന്‍റു മേധാവികളും, അവരുടെ കീഴിലുള്ള മിലിററി ഉദ്യോഗസ്ഥന്മാരും നടപ്പിലാക്കുന്നു. കേന്ദ്രഎക്സിക്യൂട്ടീവിന്‍റെ കീഴിലും മുന്‍പു നാം വിവരിച്ചതുപോലെയുള്ള വിവിധ ഡിപ്പാര്‍ട്ടുമെന്‍റുകളുണ്ടു്. റവന്യൂ, വിദ്യാഭ്യാസം, ധനകാര്യം, ഗതാഗതം, ഡെവലപ്പുമെന്‍റു്, പോലീസ്, രാജ്യരക്ഷ മുതലായവയാണു് പ്രധാന ഡിപ്പാര്‍ട്ടുമെന്‍റുകള്‍. ആകയാല്‍ ഇന്‍ഡ്യയുടെ കേന്ദ്രഭരണത്തിലും. നിയമനിര്‍മ്മാണവിഭാഗവും എക്സിക്യൂട്ടീവു വകുപ്പും തമ്മില്‍ പരിപൂര്‍ണ്ണയോജിപ്പാണുള്ളതു്.

യൂണിയന്‍ ജൂഡിഷ്യറി

ഓരോ പ്രാദേശിക സംസ്ഥാനത്തിലും ഓരോ ഹൈകോടതിയുണ്ടു്. എന്നാല്‍ ഇവയെല്ലാക്കും ഉപരിയായി ഇന്‍ഡ്യായൂണിയനു മൊത്തത്തില്‍ ഒരു സുപ്രീംകോടതിയും ഉണ്ടു്. ഈ കോടതി വളരെ പ്രാധാന്യമേറിയ പ

ല ജോലികൾ നിർവ്വഹിക്കുന്നു. അതു് സംസ്ഥാനിക ഹൈക്കോടതികളുടെ എല്ലാം അപ്പീൽക്കോടതയാണു്. മുൻപു് ഓരോ സംസ്ഥാനങ്ങളിലേയും ഹൈക്കോടതികളുടെമേൽ ഇങ്ങനെ ഒരു അപ്പീൽക്കോടതി ഇല്ലായിരുന്നു. ഇപ്പോൾ ഇങ്ങനെ ഒരു സുപ്രീംകോടതി ഉള്ളതുകൊണ്ടു് മുൻപിലത്തേക്കാൾ നന്നായി നീതി നടക്കുമെന്നുള്ളതിനു സംശയമില്ല. ഇതുകൂടാതെയും സുപ്രീംകോടതിയിൽ ഇൻഡ്യയിലെ വിവിധഗവൺമെൻറുകൾ തമ്മിലുള്ള പുതിയ കേസുകളും വിചാരണ ചെയ്യുന്നുണ്ടു്. മുൻപു ഇങ്ങനെയുള്ള കേസുകൾ വിചാരണചെയ്യുവാൻ അധികാരമുള്ള കോടതികളില്ലായിരുന്നു.

ഈ സുപ്രീംകോടതിയിലെ ജഡ്ജിമാരെ നിയമിക്കുന്നതു് യൂണിയൻ പ്രസിഡണ്ടു നേരിട്ടായിരിക്കും. ഈ കേസലെ ചീഫ്ജസ്റ്റീസ് വളരെ പാണ്ഡിത്യവും പരിചയവുമുള്ള ഒരു ന്യായാധിപനായിരിക്കേണ്ടതാണു്. അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചായിരിക്കും പ്രസിഡണ്ടു മററു സുപ്രീംകോടതി ജഡ്ജിമാരെ തിരഞ്ഞെടുക്കുന്നതു്.

ഈ ജഡ്ജിമാരെ ഒരിക്കൽ നിയമിച്ചുകഴിഞ്ഞാൽ അവക്കു 4000 രൂപാവരെ ശമ്പളവും 65 വയസ്സുവരെ ഉദ്യോഗസ്ഥിരതയും ഉണ്ടു്. ഇങ്ങനെ നിയമമുണ്ടാക്കിയിരിക്കുന്നതു്, യൂണിയൻ ജുഡീഷ്യറിയെ, എക്സിക്യൂട്ടീവിൻെറയും പാർലമെൻറിൻെറയും പിടിയിൽനിന്നും മാററി നിറുത്തുന്നതിനു വേണ്ടിയത്രെ. എങ്കിൽമാത്രമേ യാതൊരു ഭീതിയും പ്രലോഭനവുംകൂടാതെ കേസുകൾ കേട്ടു തീരുമാനിക്കുവാൻ ഈ ജഡ്ജിമാക്കു സാധിക്കുകയുള്ളൂ.

ഈ സുപ്രീംകോടതിയുടെ ആസ്ഥാനം ഡൽഹിയിലായിരിക്കും. ചീഫ്ജസ്റ്റീസിൻെറ അഭിപ്രായമനുസരിച്ചു് അതു വേറെ ഏതെങ്കിലും സ്ഥലത്തേക്കു മാററുന്നതിനു പ്രസിഡണ്ടിനു അധികാരമുണ്ടു്.

സിവിൽ സർവ്വീസ്

എക്സിക്യൂട്ടീവ് വകുപ്പിൽ ജോലിചെയ്യുന്നതിനു് ധാരാളം ഉദ്യോഗസ്ഥന്മാരെ ആവശ്യമുണ്ടു്. രാജ്യരക്ഷക്കുവേണ്ടി യുദ്ധം നടത്തുന്നതിനു പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളവരെ സൈനിക വകുപ്പിലും മറ്റുദ്യോഗങ്ങൾക്കുവേണ്ട യോഗ്യത സമ്പാദിച്ചിട്ടുള്ളവരെ ഇതരവകുപ്പിലും നിയമിച്ചുവരുന്നു. മേൽപ്പറഞ്ഞിട്ടുള്ള ഉദ്യോഗങ്ങളെയത്രെ സിവിൽസർവ്വീസ് എന്നു സാധാരണ വിളിക്കുന്നതു്.

സിവിൽസർവ്വീസിൽ ആളുകളെ തിരഞ്ഞെടുക്കുന്നതു് പബ്ലിക്സർവ്വീസ് കമ്മീഷൻ മുഖാന്തിരമായിരിക്കണമെന്നു പ്രത്യേകം നിയമമുണ്ടു്. പബ്ലിക്ക് സർവീസ് കമ്മീഷനിൽ പല അംഗങ്ങളുണ്ടാവാം. അവരുടെ നിഷ്പക്ഷമായ പരിശോധന കഴിഞ്ഞശേഷമാണു് യൂണിയനിലും ഓരോ പ്രത്യേകസംസ്ഥാനങ്ങളിലും സിവിൽസർവ്വീസിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു്. അതിനാൽ ഈ വിഷയത്തിൽ അഴിമതികളും ദുഷ്പ്രേരണകളും നിർമ്മൂലമാകുന്നുണ്ടു്. നല്ല യോഗ്യതയുള്ള ഏതുഭാരതീയനും സർക്കാർ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നതിനു് ഇതുമൂലം സാധിക്കുന്നു.

ചോദ്യങ്ങൾ

1) ഇൻഡ്യായൂണിയന്റെ ഒരു പടം വരച്ചു വിവിധപ്രാദേശിക സംസ്ഥാനങ്ങളെ അടയാളപ്പെടുത്തുക.

2) യൂണിയൻ എക്സിക്യൂട്ടീവിലെ അംഗങ്ങൾ ആരെല്ലാം?

3) പ്രസിഡണ്ടിന്റെ അധികാരങ്ങൾ വിവരിക്കുക.

4) യൂണിയൻ പാർലമെന്റിൽ ഏതെല്ലാം സഭകളുണ്ടു്. ഓരോന്നിന്റെയും അംഗത്വം വിവരിക്കുക.

5) ഇൻഡ്യൻ പാർലമെന്റും എക്സിക്യൂട്ടീവും തമ്മിലുള്ള ബന്ധം വിശദീകരിക്കുക

6) സുപ്രീംകോടതിയുടെ ജോലികളെന്തെല്ലാം?

7) സിവിൽ സർവ്വീസിനെ തിരഞ്ഞെടുക്കുന്ന രീതി എന്തു്? അതുകൊണ്ടുള്ള ഗുണങ്ങളേവ?

മിഡിൽ സ്കൂൾ

പൌരധൎമ്മം.

മൂന്നാം ഫാറത്തിലേക്കുള്ളത്.

അദ്ധ്യായം 1

രാഷ്ട്രത്തിന്റെ ചുമതലകൾ.

സക്കാരിന്റെ ചുമതലകൾ എന്തെല്ലാമാണ്? അതു രാജ്യത്തിനുള്ളിൽ ക്രമവും സമാധാനവും പാലിക്കുകയും, വെളിക്കുനിന്നും വരുന്ന ശത്രുക്കളെ തടഞ്ഞുനിറുത്തുകയും മാത്രമാണോ? ഇത്രയും ജോലികൾ മാത്രം സക്കാരിൽനിന്നും നിർവ്വഹിച്ചാൽ മതിയെന്നും, ഓരോ പൌരനും മറെറല്ലാം കാൎയ്യങ്ങളിലും സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കണമെന്നും മുൻകാലങ്ങളിൽ ലോകം വിശ്വസിച്ചുപോന്നു.

സാമ്പത്തികവും സാമുദായികവുമായ കാൎയ്യങ്ങളിൽ രാഷ്ട്രം പ്രവേശിച്ചുകൂടാ എന്നായിരുന്നു അന്നത്തെ അഭിപ്രായം. പുരാതനകാലങ്ങളിൽ ഇൻഡ്യയിൽ വളരെ സാമുദായിക ദുരാചാരങ്ങൾ നിലവിലിരുന്നു. ശിശുക്കളെ വധിച്ചാലും, ശൈശവവിവാഹം നടത്തിയാലും, വിധവകളെ ചുട്ടുദഹിപ്പിച്ചാലും സർക്കാർ അന്നു യാതൊരു ശിക്ഷയും കൊടുത്തിരുന്നില്ല. ശിശുക്കൾക്കു വിദ്യാഭ്യാസം കൊടുക്കുന്ന വിഷയത്തിലും സക്കാരിനു യാതൊരു കൎത്തവ്യവുമില്ലെന്നായിരുന്നു അക്കാലത്തെ അഭിപ്രായം. മുതലാളികൾ തങ്ങളുടെ കീഴിൽ ജോലിചെയ്തിരുന്നവരെ കഠിനമായി മർദ്ദിച്ചാലും, അവക്കു ന്യായമായ കൂലികൊടുത്തില്ലെങ്കിലും, ആ വക

കാര്യങ്ങളിൽ പ്രവേശിക്കുന്നതിനു അന്നത്തെ സർക്കാരിനു ക്ഷമതയില്ലായിരുന്നുപോലും!

അതുപോലെതന്നെ കൃഷിയും വ്യവസായങ്ങളും വ്യാപാരവും മൂലം ഓരോരുത്തർക്കും എങ്ങനെയെങ്കിലും ധനം സമ്പാദിക്കാമെന്നായിരുന്നു അന്നത്തെ അഭിപ്രായം. അവയെ വേണ്ടവിധം പ്രോത്സാഹിപ്പിക്കണമെന്നുപോലും സർക്കാരിനു വിചാരമില്ലായിരുന്നു. ഓരോ മനുഷ്യനും പ്രകൃതി കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തെ രാഷ്ട്രം തടയുകയോ സഹായിക്കുകയോ നിയന്ത്രിക്കുകയോ പാടില്ലായിരുന്നുപോൽ!

ജനങ്ങൾക്കു സഞ്ചാരസൌകര്യത്തിനും വാണിജ്യവർദ്ധനവിനും വേണ്ട റോഡുകൾ, തോടുകൾ, തീവണ്ടികൾ, കപ്പലുകൾ ഇവയെല്ലാം ഓരോ വ്യക്തികളോ സമൂഹങ്ങളോ നിർമ്മിക്കണമെന്നായിരുന്നു അക്കാലത്തെ അഭിപ്രായം. സർക്കാർ അവയെ തടയുവാനും പ്രോത്സാഹിപ്പിക്കുവാനും ഒരുമ്പെട്ടിരുന്നില്ല. അതുപോലെതന്നെ ആയിരുന്നു വർത്തമാനങ്ങൾ പരസ്പരം അറിയിക്കുന്ന വിഷയത്തിലും ഉള്ള സർക്കാരിന്റെ മനോഭാവം.

ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നവിഷയത്തിലും അന്നു സർക്കാർ വേണ്ടത്ര ശ്രദ്ധ ചെലുത്തിയരുന്നില്ല. വൈദ്യന്മാർ സ്വന്ത നിലയിൽ വൈദ്യശാസ്ത്രം പഠിക്കുകയും, രോഗികളെ ചികിത്സിക്കുകയും പതിവായിരുന്നു. പകർച്ചവ്യാധികളെ തടയുന്ന വിഷയത്തിൽ അക്കാലത്തു് സർക്കാരിൽനിന്നും യാതൊരു ശ്രദ്ധയും ചെലുത്തിയിരുന്നില്ല.

മുതലാളികൾ സ്വന്ത പരിശ്രമംകൊണ്ടു പണം സമ്പാദിക്കുകയും, അവരുടെ ഇഷ്ടാനുസരണം അമിതപലിശ വാങ്ങിക്കൊണ്ടു് നിർദ്ധനന്മാർക്കു കടം കൊടുക്കുകയും പതിവായിരുന്നു. പാവപ്പെട്ടവർക്കു് അങ്ങനെയുള്ള മുതലാളികളെ ആശ്രയിക്കാതെ നിർവ്വാഹവുമില്ലായിരുന്നു. കൃഷിയും കച്ചവടവും വ്യവസായവും നടത്തിക്കൊണ്ടുപോകുന്നതിനു മൂലധനം അത്യാവശ്യമാണല്ലൊ. ഇങ്ങനെ മൂലധനം മിതമായ നിരക്കിനു ലഭിച്ചെങ്കിൽ മാത്രമെ സാധാരണക്കാർക്കു് തൊഴിൽ നടത്തി കാലയാപനം

ചെയ്യുവാൻ സാധിക്കുകയുള്ളു. ഈ വക കാര്യങ്ങളിലൊന്നും മുൻകാലങ്ങളിൽ സക്കാർ ശ്രദ്ധിച്ചിരുന്നില്ല.

എന്നാൽ ആധുനികകാലത്തു മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം വളരെ അഭിപ്രായവ്യത്യാസം സംഭവിച്ചിട്ടുണ്ടു്. രാഷ്ട്രത്തിന്റെ പ്രഥമമായ നോട്ടം, ഭാവിപൌരന്മാരുടെ വിദ്യാഭ്യാസത്തെ കൈവരുത്തുന്നതിനായിരിക്കണമെന്നു ഇപ്പോൾ പരക്കെ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടാണു് വിദ്യാഭ്യാസപ്രചാരണത്തിൽ സകല ഗവമ്മേൻറുകളും വളരെ ശ്രദ്ധ പതിച്ചുകാണുന്നതു്. അതുപോലെതന്നെ പൊതുജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഇന്നു സക്കാരിൽനിന്നും ആശുപത്രികൾ സ്ഥാപിക്കുകയും, പകർച്ചവ്യാധികളെ തടയുന്നതിനുവേണ്ടിയുള്ള കുത്തിവയ്പു സമ്പ്രദായങ്ങൾ നാടടക്കം നടപ്പിലാക്കുകയും ചെയ്തുവരുന്നു. തൊഴിലാളികളുടെ ക്ഷേമപരിപാലനത്തിനുവേണ്ടിയും, മുതലാളികളുടെ ശ്രേയോഭിവൃദ്ധിക്കുവേണ്ടിയും ഇപ്പോൾ സക്കാരിൽനിന്നും പല രാജ്യനിയമങ്ങൾ പാസ്സാക്കുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ജനങ്ങളുടെ സാമ്പത്തിക പരിശ്രമങ്ങൾ കൃഷിയും വ്യവസായവും കച്ചവടവുമാണല്ലോ. കൃഷികാര്യങ്ങളിൽ പല ശാസ്ത്രീയരീതികളും രാജ്യത്തിൽ നടപ്പിലാക്കുവാനും, വിളവു വദ്ധിപ്പിക്കുവാനും വേണ്ടിയാണു്, കൃഷിഡിപ്പാർട്ടുമെൻറും ജലസേചനവകുപ്പും ഏപ്പെടുത്തിയിരിക്കുന്നതു്. വാണിജ്യത്തെ സഹായിക്കുന്നതിനത്രെ റോഡുകളും തോടുകളും, തീവണ്ടികളും, വിമാനസവ്വീസും നാടു മുഴുവൻ നടപ്പിലാക്കിവരുന്നതു്. കമ്പിയും തപാലും വയാർലെസ്സും പ്രക്ഷേപണസൌകര്യങ്ങളും നടപ്പിലാക്കിവരുന്നതും, ജനങ്ങളുടെ സാമ്പത്തികവും സാംസ്കാരികവുമായ അഭിവൃദ്ധിയെ ലാക്കാക്കിയത്രെ.

സാധാരണക്കാക്കു മിതമായ നിരക്കിനു മൂലധനം കൊടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമവും പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഇപ്പോൾ നടന്നുവരുന്നു. സഹകരണസംഘം ഇങ്ങനെയുള്ള ഒരു പ്രസ്ഥാനമത്രെ സർക്കാർ

നിയന്ത്രണത്തിലുള്ള ബാങ്കുകളും ഇങ്ങനെയുള്ള ഒരാവശ്യമാണു നിർവ്വഹിക്കുന്നതു്.

സാമ്പത്തികവും സാമുദായികവുമായ മേൽപ്പറഞ്ഞ കൃത്യങ്ങളെല്ലാം സർക്കാരിന്റെ ചുമതലയിൽപെട്ടതാണെന്നു ഇപ്പോൾ പരിഷ്കൃതലോകം പരക്കെ സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു കുടുംബത്തലവൻ അയാളുടെ കുടുംബത്തിലെ അംഗങ്ങളുടെ നാനാമുഖമായ ഉൽക്കർഷത്തിനുവേണ്ടി എപ്പോഴും പരിശ്രമിച്ചുകൊണ്ടാണല്ലോ ഇരിക്കുന്നതു്. ഒരു കുടുംബത്തിൽ പ്രായപൂർത്തിആയവരും മൈനർമാരും ഉണ്ടാവാം. പ്രായപൂർത്തിയായ മുട്ടാളന്മാർ മൈനർമാരായ നിസ്സഹായരെ ഉപദ്രവിക്കുവാൻ അയാൾ സമ്മതിക്കുകയില്ല. എല്ലാവരുടെയും ആരോഗ്യവും മനഃപ്രാപ്തിയും അഭിവൃദ്ധിപ്പെടണമെന്നാണു് അയാളുടെ താല്പൎയ്യം. ഇതുപോലെയുള്ള ഒരു മനോഭാവമാണു് ഇപ്പോൾ പരിഷ്കൃത ഗവമ്മെൻറുകളെല്ലാം അംഗീകരിച്ചിരിക്കുന്നതു്. ഈ വിഷയത്തെപ്പററി കൂടുതൽ വിവരങ്ങൾ അടുത്ത അദ്ധ്യായങ്ങളിൽ കൊടുത്തിരിക്കുന്നു.

ചോദ്യങ്ങൾ.

1 സാമ്പത്തികവും സാമുദായികവും ആയ ചില കാൎയ്യങ്ങൾ പറയുക.

2 അവയിൽ മുൻപു സർക്കാർ കൈകടത്താതിരുന്നതിന്റെ കാരണമെന്തു്?

3 പരിഷ്കൃതരാജ്യങ്ങൾ ഇപ്പോൾ ഈ വക കാൎയ്യങ്ങളിൽ പ്രവേശിക്കുന്നതുകൊണ്ടു് എന്തു ഗുണം ജനങ്ങൾക്കുണ്ടാകുന്നു?

4 രാഷ്ട്രവും കുടുംബവുംതമ്മിലുള്ള സാമ്യമെന്തു്?

അദ്ധ്യായം 2

രാഷ്ട്രവും വിദ്യാഭ്യാസവും

ഇൻഡ്യാമഹാരാജ്യത്തിലാണ് ഭൂലോകജനസംഖ്യയിൽ അഞ്ചിൽ ഒരു ഭാഗം നിവസിക്കുന്നതു്. ആകയാൽ ജനസംഖ്യകൊണ്ടു നോക്കിയാൽ ലോകത്തിൽ ഇൻഡ്യയുടെ സ്ഥാനം വളരെ ശ്രേഷ്ഠമാണ്. എന്നാൽ യഥാർത്ഥത്തിൽ ജനസംഖ്യക്കു തുല്യമായ ഒരു സ്ഥാനം ഇന്നു നമുക്ക് ലഭിച്ചിട്ടില്ല. അതിനുള്ള കാരണം ഇൻഡ്യാക്കാരിൽ വലിയൊരുഭാഗം ജനങ്ങൾക്ക് അക്ഷരജ്ഞാനമില്ലാത്തതാണ്. വിദ്യയില്ലാത്ത മനുഷ്യൻ കേവലം മൃഗപ്രായനാണെന്നുള്ള പഴമൊഴി അർത്ഥവത്തത്രേ. 5 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ എഴുത്തും വായനയും പരിചയമുള്ളവരായി 14.6 ശതമാനമാളുകൾ മാത്രമാണ് ഇൻഡ്യയിൽ ഇപ്പോൾ ഉള്ളതു്. പാശ്ചാത്യരാജ്യങ്ങളിൽ ഇതു് 80 ശതമാനത്തോടടുത്തു കാണുന്നു. അനക്ഷരതാമൂലം ഇൻഡ്യയിലെ ജനങ്ങൾക്ക് ബുദ്ധിവികാസമുണ്ടാകുന്നില്ല. എത്രതന്നെ ശരീരശക്തിയുണ്ടെങ്കിലും മനസ്സിനുംകൂടി വികാസം കിട്ടാത്ത ആളുകൾക്കു തെല്ലും ഐശ്വര്യമുണ്ടാകാനിടയില്ല.

ഇൻഡ്യൻജനങ്ങളിൽ 70 ശതമാനം കർഷകരാണ്. അവർ വളരെ ദരിദ്രരാണെന്നു പ്രസിദ്ധമത്രേ. അതിനു കാരണം ഇന്നും നമ്മുടെ കർഷകർ പഴയരീതിയിൽത്തന്നെ കൃഷിചെയ്തുവരുന്നതാണ്. ശാസ്ത്രീയമായ കൃഷിരീതികളും ആയുധങ്ങളും അവർ സ്വീകരിക്കാത്തതു് അവരുടെ അജ്ഞതമൂലമത്രെ. അതുപോലെതന്നെയാണ് ഇൻഡ്യയിലെ വ്യവസായത്തൊഴിലാളികളുടെയും അവസ്ഥ. ഇൻഡ്യയിൽ 1൬ ശതമാനമാളുകൾ മാത്രമാണ് യാന്ത്രികവ്യവസായങ്ങൾ നടത്തിവരുന്നതു്. സാങ്കേതികപരിജ്ഞാനത്തിന്റെ കുറവുകൊണ്ടാണ് ഇൻഡ്യാക്കാരിൽ വ്യവസായത്തൊഴിലാളികൾ ഇത്ര കുറഞ്ഞിരിക്കുന്നതു്. സാങ്കേതികപരിജ്ഞാനം ലഭിക്കണമെങ്കിൽ സ

മാന്യവിദ്യാഭ്യാസംകൂടിയേ കഴിയൂ. ഇങ്ങനെ ഏതുവിധത്തിൽ നോക്കിയാലും സാമ്പത്തികാഭിവൃദ്ധി വേണമെങ്കിൽ സാമാന്യവിദ്യാഭ്യാസം അത്യാവശ്യമാണ്.

ഇൻഡ്യയ്ക്കു ഇപ്പോൾ രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ട്. നമുക്ക് ഒരു സ്വതന്ത്രപരമാധികാരറിപ്പബ്ളിക്കാണുള്ളത്. ഈ റിപ്പബ്ളിക്കിൽ ജനങ്ങളുടെ വോട്ടനുസരിച്ച് ഭൂരിപക്ഷം ലഭിക്കുന്ന നേതാക്കന്മാരാണ് ഭരണം നടത്തുന്നതു്. പക്ഷേ സാമാന്യവിദ്യാഭ്യാസംപോലുമില്ലാത്ത ആളുകളുടെ കൈയിൽ രാജ്യത്തിന്റെ ഭാവി വിട്ടുകൊടുക്കുന്നതു് ശ്രേയസ്കരമല്ല. അക്കാരണത്താലും സാമാന്യവിദ്യാഭ്യാസമെങ്കിലും നാടടക്കം പ്രചരിപ്പിക്കേണ്ടതു് ഇന്നത്തെ ഒരത്യാവശ്യമത്രേ.

പക്ഷേ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസവും കേവലം സാഹിത്യപരമായിപ്പോയി എന്നൊരു ആക്ഷേപവുമുണ്ട്. അതിന്റെ അർത്ഥം അതു കാര്യയാപനത്തിനു നമ്മെ സഹായിക്കുന്നില്ലെന്നു മാത്രമാണ്. ആകയാൽ സാമാന്യവിദ്യാഭ്യാസവും തൊഴിൽവിദ്യാഭ്യാസവും കഴിയുന്നത്ര യോജിപ്പിൽ കൊടുക്കുന്നതു പ്രയോജനകരമായിരിക്കും.

നമ്മുടെ മഹാരാജ്യത്തിൽ വിദ്യാഭ്യാസം വേണ്ടത്ര പ്രചരിപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണെന്നു് ഇൻഡ്യൻ നേതാക്കന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു.

1. പ്രൈമറിവിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവും ആക്കണം. ഇതിലേക്ക് മഹാത്മാഗാന്ധി ഒരു അടിസ്ഥാനവിദ്യാഭ്യാസപദ്ധതി സംവിധാനം ചെയ്തിട്ടുണ്ട്. അതു് ഏഴുകൊല്ലത്തേക്കു ദീർഘിക്കണമെന്നും ഈ ഏഴുകൊല്ലക്കാലത്തേക്ക് ചില തൊഴിലുകൾകൂടിയും കുട്ടികളെ പഠിപ്പിക്കണമെന്നും ആണ് അദ്ദേഹം അനുശാസിച്ചിരിക്കുന്നതു്. എന്നാൽ ഈ പദ്ധതി പൂർണ്ണരൂപത്തിൽ വരുവാൻ കാലതാമസമുണ്ടായേക്കാം. ഓരോ ഗ്രാമത്തിലും ഓരോ പൂർണ്ണപ്രൈമറി സ്കൂളുകളെങ്കിലും ഉണ്ടാകുകയും, അവിടെ വിദ്യാഭ്യാസം സൌജന്യവും നിർബന്ധിതവും ആക്കുകയും ചെയ്താൽ ഭാരതീയരുടെ ഇടയിൽ സാമാന്യവിദ്യാഭ്യാസം വർദ്ധിക്കുന്നതാണ്. എ

ന്നാൽ പ്രൈമറി വിദ്യാഭ്യാസംകൊണ്ടു മാത്രം ഒരു പൌരനു് സാമ്പത്തികവും രാഷ്ട്രീയവുമായ അഭിവൃദ്ധി ഉണ്ടാകുകയില്ല. അതിനുവേണ്ടി പരിഷ്കൃതരീതിയിലുള്ള പല സെക്കണ്ടറി വിദ്യാലയങ്ങളും കോളേജുകളും ഇൻഡ്യയുടെ നാനാഭാഗങ്ങളിലും ഇന്നത്തേതിൽ കൂടുതലായി ഉണ്ടാകണം. അക്കാര്യങ്ങളെപ്പററി തീരുമാനിക്കുവാൻ പല വിദഗ്ദ്ധകമ്മിററികളെ ഇൻഡ്യാഗവർമ്മെണ്ടു നിശ്ചയിച്ചിട്ടുണ്ടു്.

2. എന്നാൽ സാമാന്യവിദ്യാഭ്യാസം പ്രചരിപ്പിച്ചതുകൊണ്ടുമാത്രം നമ്മുടെ നാട്ടിൻെറ ഭാവി ശോഭനമായിതീരുന്നതല്ല. കൃഷിയോ വ്യവസായമോ വാണിജ്യമോ അഭിവൃദ്ധിപ്പെടണമെങ്കിൽ ഇക്കാലത്തു് അത്യാവശ്യമായിട്ടുള്ളതു് സാങ്കേതിക വിദ്യാഭ്യാസമാണു്. അകയാൽ ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ കാർഷികവിദ്യാലയങ്ങളും, യന്ത്രതന്ത്രം, എൻജിനീയറിംഗ്ഗു് മുതലായവ അഭ്യസിപ്പിക്കുന്ന വിദ്യാലയങ്ങളും, പൂർവ്വാധികം ഉൽഘാടനം ചെയ്യേണ്ടതു് ഇന്നത്തെ ഒരു അത്യാവശ്യമാണു്.

3. മേൽപറഞ്ഞ പദ്ധതികളൊന്നും 50 വയസ്സിനും, 11 വയസ്സിനും ഇടയ്ക്കുള്ള നിരക്ഷരന്മാരെ ഉദ്ദേശിച്ചിട്ടുള്ളതല്ല. അവരുടെ സാമാന്യവും സാങ്കേതികവുമായ വിദ്യാഭ്യാസകാര്യം വെറുതെ വിട്ടുകളയുന്നതു് വളരെ ബുദ്ധികേടാണു്. അങ്ങനെയുള്ളവരുടെ വിദ്യാഭ്യാസത്തിനു് വയോജനവിദ്യാഭ്യാസം എന്നു പ്രത്യേകം പേരുണ്ടു്. പരിഷ്കൃതരാജ്യങ്ങളെല്ലാം ഇപ്പോൾ വയോജനവിദ്യാഭ്യാസത്തിൽ വളരെ ശ്രദ്ധ പതിച്ചുവരുന്നുണ്ടു്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നും ഒരു രാജ്യത്തിലെ പൊതുജനവിദ്യാഭ്യാസം വേണ്ടവിധത്തിൽ നടത്തുന്നപക്ഷം മാത്രമേ ആ രാജ്യത്തിനു് രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹ്യമായും അഭിവൃദ്ധി സിദ്ധിക്കുകയുള്ളു എന്നു സ്പഷ്ടമായി കാണാം. അദ്ധ്യാപകൻ രാഷ്ട്രത്തിൻെറ ശില്പിയാണെന്നു് പറയുന്നതിൻെറ കാരണവും ഇതാണു്.

ചോദ്യങ്ങൾ.

1. ഇൻഡ്യയിൽ എത്രശതമാനം ആളുകൾക്കു് അക്ഷരജ്ഞാനമുണ്ടു്?

2. വിദ്യാഭ്യാസംമൂലം കൎഷകൎക്ക എന്തു അഭിവൃദ്ധി ഉണ്ടാകാം?

3. സാങ്കേതികവിദ്യാഭ്യാസം എന്തു്? അതുമൂലം രാജ്യത്തിനു് എന്തു ഗുണമുണ്ടാകുന്നു?

4. വിദ്യാഭ്യാസംമൂലം രാഷ്ട്രീയമായി എന്തു പ്രയോജനമാണുള്ളതു്?

5. നാട്ടിൽ വിദ്യാഭ്യാസം പരത്തുവാനുള്ള മാൎഗ്ഗങ്ങളെ വിവരിക്കുക.

അദ്ധ്യായം 3

രാഷ്ട്രവും പൊതുജനാരോഗ്യവും

ഇൻഡ്യാമഹാരാജ്യത്തിലെ ജനങ്ങൾ സാമാന്യവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിൽ തുലോം പിന്നണിയിലാണു് നില്ക്കുന്നതെന്നു് നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടു. ഈ കുറവിനെ പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെയും നാം നിർദ്ദേശിച്ചു. ആ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നപക്ഷം ഇൻഡ്യൻരാഷ്ട്രം വളരെയധികം പുരോഗമിക്കുമെന്നുള്ളതിനു സംശയമില്ല. പക്ഷേ രോഗമില്ലാത്ത ശരീരങ്ങളിൽ മാത്രമേ വിദ്യാഭ്യാസം പൂർണ്ണഫലം പുറപ്പെടുവിക്കുകയുള്ളു. ആകയാൽ പൊതുജനാരോഗ്യം വർദ്ധിപ്പിക്കുന്നതിനും രാഷ്ട്രത്തിനു ചുമതലയുണ്ടു്.

ഇൻഡ്യാക്കാരുടെ ആരോഗ്യസ്ഥിതി വളരെ മോശമാണു്. നമ്മുടെ ശരാശരി ആയുഷ്കാലം 27 വയസ്സു മാത്രമത്രെ. മിക്ക പരിഷ്കൃതരാജ്യങ്ങളിലും അതു് 60-നു മേലാണു്. 40 വയസ്സു പൂർത്തിയാകുമ്പോൾ ഇൻഡ്യാക്കാരുടെ ആരോഗ്യം ക്ഷയിച്ചു തുടങ്ങുകയും വാർദ്ധക്യം ആരംഭിക്കുകയും ചെയ്യുന്നു. പാശ്ചാത്യരുടെയിടയിൽ 60-ാമത്തെ വയസ്സുമുതലാണു് ആരോഗ്യം ക്ഷയിച്ചുതുടങ്ങുന്നതു്. ഇവിടത്തെ മരണനിരക്കു് 25 ശതമാനമാണു്. ഈ രാജ്യത്തിലെ ശിശുക്കളുടെ മരണനിരക്കും അന്യാദൃശമത്രെ. മേൽപ്പറഞ്ഞ ദുസ്ഥിതിയെ പരിഹരിക്കുന്നതിനുവേണ്ടി ഇൻഡ്യയുടെ രക്ഷാധികാരികൾ പരിശ്രമിക്കേണ്ടതാണു്. ആധുനികലോകത്തിൽ പല രാജ്യങ്ങളിലും ഇങ്ങനെയുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ടു്.

1885-ൽ ബ്രിട്ടീഷ്കാരുടെ ശരാശരി ആയുഷ്കാലം 42 വയസ്സു് ആയിരുന്നു. എന്നാൽ ഇപ്പോൾ അതു് 62 ആയി വർദ്ധിച്ചിട്ടുണ്ടു്. അതുപോലെതന്നെ 189-ൽ അമേരിക്കരുടെ ശരാശരി ആയുഷ്കാലം 43 ആയിരുന്നു. അതു് ഇപ്പോൾ 63 ആയി വർദ്ധിച്ചിട്ടുണ്ടു്. പരിഷ്കൃത

രാജ്യങ്ങളെല്ലാം പൌരന്മാരുടെ ആരോഗ്യവർദ്ധനവിനായി വേണ്ട മുൻകരുതലുകൾ ചെയ്യുന്നു എന്നും, ആ വക മുൻകരുതലുകൾ ഫലപ്രദമായി തീരുന്നു എന്നും, ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാം.

ഒരു രാജ്യത്തിലെ പൊതുജനങ്ങൾ ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും ഉയർന്നുവരുമ്പോൾ ആ രാജ്യം അഭിവൃദ്ധി പ്രാപിക്കാതെയിരിക്കുകയില്ല. അങ്ങനെയാണ് അമേരിക്കാ ബ്രിട്ടൻ മുതലായ പാശ്ചാത്യരാജ്യങ്ങൾ ഇന്നത്തെ ഉന്നതനിലയെ പ്രാപിച്ചിട്ടുള്ളതു്.

ഇൻഡ്യയിലെ പൊതുജനാരോഗ്യം വർദ്ധിപ്പിക്കുന്നതിനു് താഴെപറയുന്ന മാർഗ്ഗങ്ങൾ നമ്മുടെ നേതാക്കന്മാർ നിർദ്ദേശിച്ചിരിക്കുന്നു.

1. ശരീരശക്തിയും ആരോഗ്യവും വർദ്ധിക്കണമെങ്കിൽ ഓരോ പൌരനും വേണ്ടത്ര ഭക്ഷ്യപദാർത്ഥങ്ങൾ ലഭിക്കണം. അതിനുവേണ്ടി ആദ്യമായി രാജ്യത്തിൽ ഭക്ഷ്യപദാർത്ഥങ്ങൾ വേണ്ടത്ര ഉല്പാദിപ്പിക്കണം. ഇങ്ങനെ സമൃദ്ധിയായി ലഭിക്കുന്ന ഭക്ഷ്യങ്ങൾ ചുരുങ്ങിയ ചെലവിൽ വാങ്ങി ഉപയോഗിക്കത്തക്കവിധത്തിൽ സാധാരണക്കാരന്റെ വരുമാനം വർദ്ധിപ്പിക്കണം. ഇതിനെല്ലാം വേണ്ട പദ്ധതികൾ സ്വതന്ത്രഭാരതത്തിലെ നേതാക്കന്മാർ ഇപ്പോൾ ആസൂത്രണംചെയ്തു വരികയാണു്.

2. പൊതുജനാരോഗ്യം വർദ്ധിപ്പിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം പോഷകാംശങ്ങളുള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുന്നതിനു് പൌരന്മാരെ-ഉൽബോധിപ്പിക്കുകയാണു്. മനുഷ്യശരീരത്തിൽ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനു് വയറുനിറയെ ഭക്ഷണം ചെലുത്തുന്നതുകൊണ്ടു് മതിയാകയില്ല. നമ്മുടെ ഭക്ഷണം വിവിധ ജീവകാംശങ്ങളുള്ള പദാർത്ഥങ്ങൾ ആയിരിക്കേണ്ടതാണു്. പയർവർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ, പാൽ, നെയ്, മത്സ്യം, മാംസം, പച്ചസസ്യങ്ങൾ, പഞ്ചസാര ഇവ നിശ്ചിതപരിമാണത്തിൽ അനുഭവിക്കുന്ന ആളുകൾക്കു് സിദ്ധിക്കുന്നിടത്തോളം ആരോഗ്യം വെറും ചോറുമാത്രം തിന്നുന്നവർക്കു് ലഭിക്കുകയില്ല. ഇക്കാര്യത്തിൽ പൌരന്മാർക്കു വേണ്ട ഉൽബോധനങ്ങൾ നൽകുന്നതിനു് രാഷ്ട്രത്തിനു ചുമതലയുണ്ടു്. ല

ഘുലേഖകൾ, പബ്ളിക് പ്രസംഗങ്ങൾ, മായാദീപപ്രദർശനങ്ങൾ ഇവയെല്ലാം അതിനുപയോഗിക്കാവുന്നതാണ്.

3. പൌരന്മാർക്ക് വേണ്ടത്ര വൈദ്യസഹായം നൽകുന്നപക്ഷം നമ്മുടെ നാട്ടിലെ പൊതുജനാരോഗ്യം വളരെ വർദ്ധിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. വിഷൂചിക, മലേറിയാ, മസൂരി, കൊക്കപ്പുഴു, വിഷമജ്വരം മുതലായ സാംക്രമിക രോഗങ്ങൾമൂലം അനേകജനങ്ങൾ ഈ രാജ്യത്തിൽ മരിക്കുന്നുണ്ട്. അതുപോലെതന്നെ വേണ്ടത്ര പ്രസവശുശ്രൂഷാസൌകര്യങ്ങൾ ലഭിക്കാത്തതുകൊണ്ട് സ്ത്രീകളുടെയും കുട്ടികളുടെയും മരണശതമാനം വർദ്ധമാനമായികൊണ്ടു തന്നെ ഇരിക്കുന്നു. ഈ ദുസ്ഥിതിക്കുള്ള പരിഹാരമാർഗ്ഗങ്ങൾ പലതും ഇൻഡ്യൻ നേതാക്കന്മാർ ആസൂത്രണം ചെയ്തുവരുന്നുണ്ട്.

ഇൻഡ്യയിലുള്ള ഓരോ ഗ്രാമത്തിലും ഓരോ ആശുപത്രി വീതം സ്ഥാപിക്കുകയും, അവയിലോരോന്നിലും ഓരോ ഡോക്ടറേയും, ഓരോ സൂതികർമ്മിണിയേയും, ഓരോ നേഴ്സിനെയും നിയമിക്കുകയും ചെയ്യുന്നപക്ഷം മേൽപ്പറഞ്ഞ ദൂഷ്യങ്ങൾക്കു ഗണ്യമായ പരിഹാരമുണ്ടാകുന്നതായിരിക്കും. ഇതുപോലെതന്നെ ഓരോ നഗരത്തിലും ഓരോ ജനറലാശുപത്രിയും പ്രസവശുശ്രൂഷാകേന്ദ്രങ്ങളും സ്ഥാപിക്കുവാനും ആലോചനയുണ്ട്. ഇതുകൂടാതെ യുക്തമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ക്ഷയം, ഭ്രാന്തു മുതലായവയ്ക്കുള്ള ചികിത്സാലയങ്ങളും സ്ഥാപിക്കുവാനുദ്ദേശ്യമുണ്ട്. പകർച്ചരോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള കുത്തിവെയ്പും ഈ സ്ഥാപനങ്ങൾവഴി നടത്തേണ്ടതാണ്.

4. മേൽപ്പറഞ്ഞവകൂടാതെ ശുദ്ധജലം ലഭിക്കാത്ത സ്ഥലങ്ങളിൽ ശുദ്ധജലം പ്രദാനം ചെയ്യുന്നതിനും, രാജ്യമാസകലം ശുചീകരണപദ്ധതികൾ പ്രചരിപ്പിക്കുന്നതിനും വേണ്ട പരിശ്രമങ്ങൾ വില്ലേജ്പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മൂലം രാഷ്ട്രം നടത്തേണ്ടിയിരിക്കുന്നു.

ഒരു വത്സലപിതാവ് തന്റെ കുടുംബാംഗങ്ങളുടെ ആരോഗ്യവർദ്ധനവിനുവേണ്ടി പരിശ്രമിക്കുന്ന വിധത്തിലാണ് ആധുനികരാഷ്ട്രം അതിലെ പൌരാവലി

യുടെ ആരോഗ്യസംരക്ഷണത്തിനും രോഗനിവാരണത്തിനുംവേണ്ടി അനുദിനം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഈ പദ്ധതിമൂലമാണു് പ്രധാനമായി ബാഹ്യശത്രുക്കളിൽ നിന്നും ഒരു രാഷ്ട്റം രക്ഷപ്രാപിക്കുന്നതും ആഭ്യന്തരമായ ശാന്തിയെയും ഐശ്വര്യത്തേയും കൈവരിക്കുന്നതും.

ചോദ്യങ്ങറം

1. പൊതുജനാരോഗ്യം വർദ്ധിപ്പിക്കുവാൻ രാഷ്ട്രത്തിനു സാധിക്കുമോ? അതു സാധിക്കുമെന്നു് നമ്മെ മനസ്സിലാക്കിയിട്ടുള്ള പരിഷ്കൃതരാജ്യങ്ങളേവ?

2. ഇൻഡ്യയിൽ പൊതുജനാരോഗ്യം വർദ്ധിപ്പിക്കുവാനുതകുന്ന ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

അദ്ധ്യായം 4.

രാഷ്ട്രവും തൊഴിലാളിക്ഷേമവും

ആധുനികലോകത്തിൽ കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ പല തൊഴിലുകൾ നടന്നുകൊണ്ടിരിക്കുന്നു. കൃഷിജോലിയിൽ ഉൾപ്പെട്ടിരിക്കുന്ന പല തൊഴിലാളികളെ നാട്ടിൻപുറങ്ങളിൽ നാം കാണുന്നുണ്ടു്. അവർ വയലുകൾ ഉഴുക, വിത്തു വിതയ്ക്കുക, കിളയ്ക്കുക, കൊയ്യുക മുതലായ ജോലികൾ ചെയ്യുന്നു. വേറെ ചിലർ തേയില, റബർ, കാപ്പി, മുതലായ വൻതോട്ടങ്ങളിലെ കാർഷികതൊഴിലാളികളത്രെ. ഈ രണ്ടുതരം കാർഷികതൊഴിലാളികൾക്കും സ്വന്തമായി കൃഷിസ്ഥലങ്ങളില്ലാത്തതുകൊണ്ടു്, അവർ എപ്പോഴും ഭൂസ്വത്തുടമസ്ഥന്മാരായ മുതലാളികളെ ആശ്രയിച്ചാണു് കാലംകഴിക്കുന്നതു്.

നമ്മുടെ പട്ടണങ്ങളിലും ധാരാളം തൊഴിലാളികളെ നമുക്ക് കാണുവാൻ സാധിക്കും. അവർ ജോലി ചെയ്യുന്നതു് അധികപക്ഷം വ്യവസായശാലകളിലാണ്. മദ്രാസ്, ആലപ്പുഴ, തൃശൂർ, കൊച്ചി, കൊല്ലം മുതലായ പട്ടണങ്ങളിൽ പലതരം വ്യവസായങ്ങൾ നടന്നുവരുന്നു. കയറുപിരിക്കുക, കയറുപായുണ്ടാക്കുക, ചവിട്ടുമെത്തകളുണ്ടാക്കുക, മേച്ചിലോടുണ്ടാക്കുക, തുണിനെയ്യുക, തടി അറുക്കുക, കശുവണ്ടി പൊരിക്കുക തുടങ്ങിയുള്ള വൻതരം വ്യവസായങ്ങൾക്കു ധാരാളം തൊഴിലാളികളെ ആവശ്യമുണ്ടു്. ഈ തൊഴിലാളികൾ സ്വന്തം മൂലധനമില്ലാത്തവരത്രെ. അവർക്ക് കാലക്ഷേപത്തിനുവേണ്ടി ജോലി ചെയ്യണമെങ്കിൽ മുതലാളികളുടെ വ്യവസായശാലകളെ ആശ്രയിക്കാതെ തരമില്ല.

കാലങ്ങൾ കഴിയുന്നിടത്തോളം തൊഴിലാളികളും മുതലാളികളും തമ്മിലുള്ള സൗഹാർദ്ദത കുറഞ്ഞുകുറഞ്ഞാണ് വരുന്നതു്. മുതലാളികൾ തങ്ങളുടെ മൂലധനം മുടക്കി വൻതോതിലുള്ള കൃഷിയും വ്യവസായവും നടത്തുന്നതു് അവർക്കു ലാഭം കിട്ടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണല്ലോ. അവർ മുൻകൂട്ടി മുടക്കുന്ന പണത്തിനു മിതമായ പലിശയും, അവർ വഹിക്കുന്ന മേൽനോട്ടത്തിനു ശരിയായ പ്രതിഫലവും, അവർക്കു ലഭിക്കേണ്ടതു് അത്യാവശ്യം തന്നെയാണ്. അതുപോലെതന്നെ തൊഴിലാളികൾക്ക് ന്യായമായി കാലയാപനം ചെയ്യാനുള്ള വേലക്കൂലിയും മുതലാളിമാർ അവർക്കു കൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം തൊഴിലാളികൾ ക്രമേണ രോഗികളായിതീരുന്നതിനും ഒടുവിൽ കൂട്ടത്തോടെ നശിച്ചുപോകുന്നതിനും ഇടയുണ്ടു്. ഈ അപകടത്തെ പരിഹരിക്കുന്നതിനും, രാജ്യത്തിൽ തൊഴിലാളികളെയും മുതലാളികളെയും തമ്മിൽ യോജിപ്പിച്ചുകൊണ്ടുപോകുന്നതിനും രാഷ്ട്രത്തിനു ചുമതലയുണ്ടു്. രാഷ്ട്രത്തിന്റെ അഭിവൃദ്ധി, പൗരാവലിയുടെ സംതൃപ്തിയിലും, ഐശ്വര്യത്തിലുമാണ് ഇരിക്കുന്നതു്. ആകയാൽ ദയയില്ലാത്ത മുതലാളികളുടെ പിടിയിൽനിന്നു തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ഇന്നത്തെ രാഷ്ട്രാധികാരികൾ പല

രാജ്യനിയമങ്ങൾ പാസ്സാക്കിവരുന്നു. അതുപോലെതന്നെ ഉപദ്രവികളായ തൊഴിലാളിനേതാക്കന്മാരിൽനിന്നും മുതലാളികളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള രാജ്യനിയമങ്ങളും ഗവർമ്മെണ്ടിൽനിന്നും നടപ്പാക്കിവരുന്നുണ്ടു്.

രാഷ്ട്രം വലിയ ഒരു കുടുംബത്തിനു തുല്യമാണു്. അതിലെ അംഗങ്ങളത്രെ മുതലാളികളും തൊഴിലാളികളും. ഇവർ തമ്മിൽ എപ്പോഴും സൌഹാർദ്ദം പുലർത്തേണ്ടതു് ഗവർമ്മെൻറിൻെറ ധർമ്മമാണു്. അക്കാരണത്താലാണു് തൊഴിലാളിക്ഷേമപരിപാലനത്തിനു് വേണ്ടിയും മുതലാളിസംരക്ഷണത്തിനുവേണ്ടിയും നിയമങ്ങൾ പാസ്സാക്കിവരുന്നതു്.

ഇങ്ങനെയുള്ള നിയമങ്ങൾ പാസ്സാക്കുന്ന വിഷയത്തിൽ തൊഴിലാളികളുടെ സംഘടനകൾ രാഷ്ട്രത്തിനു വളരെ സഹായം ചെയ്യുന്നുണ്ടു്. അവയുടെ നിവേദനങ്ങൾമൂലമാണു് തൊഴിലാളികളുടെ സങ്കടങ്ങൾ എന്തൊക്കെയാണെന്നു് രാഷ്ട്രം അറിയുന്നതു്. എന്നാൽ രാഷ്ട്രത്തിൻെറ ദൃഷ്ടിയിൽ മുതലാളികളും തൊഴിലാളികളും തമ്മിൽ വ്യത്യാസമില്ല. അതിനാൽ മുതലാളികളുടെ സംഘടനകളെയും രാഷ്ട്രം പ്രോത്സാഹിപ്പിക്കുന്നു. അവരുടെ നിവേദനങ്ങളേയും രാഷ്ട്രം സ്വീകരിക്കുകയും അവയ്ക്കും പരിഹാരമുണ്ടാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഇവർ തമ്മിൽ ഗണ്യമായ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ, രാഷ്ട്രം അവയ്ക്കു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി സകല പരിശ്രമങ്ങളും ചെയ്യുന്നു. അതിനുവേണ്ടി തൊഴിൽതർക്കനിവാരണനിയമം എന്നപേരിൽ ഇൻഡ്യാഗവർമ്മെൻറിൽനിന്നും ഒരു നിയമം പാസ്സാക്കിയിട്ടുണ്ടു്. ആ നിയമത്തിലെ സാരാംശം, അങ്ങനെയുള്ള തർക്കങ്ങൾ, മാധ്യസ്ഥംമൂലം തീർക്കണമെന്നാണു്. അങ്ങനെ രഞ്ജകശ്രമം നടത്തുന്നതിനു് ലേബർവെൽഫെയർഓഫീസർ എന്ന പേരിൽ ചില ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിട്ടുണ്ടു്.

തൊഴിലാളികളുടെ ക്ഷേമത്തെ ഉദ്ദേശിച്ചു് പരിഷ്കൃതഗവർമ്മെൻറുകളെല്ലാം പല രാജ്യനിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ടു്. അവയിൽ ചിലതിനെ താഴെ

വിവരിക്കാം.

I. തൊഴിൽശാലകളിൽ 12 വയസ്സിനുതാഴെയുള്ള കുട്ടികളെക്കൊണ്ടു ജോലി ചെയ്യിക്കുവാൻ പാടില്ല. 12 വയസ്സുമുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികളെക്കൊണ്ടു് 5 മണിക്കൂറിൽ കൂടുതൽ ജോലിചെയ്യിക്കുന്നതു് കുററകരമാണു്:

2. സ്ത്രീകളായ തൊഴിലാളികളുടെ പരമാവധി ജോലിസമയം 10 മണിക്കൂറിൽ കൂടുതലാകാൻ പാടില്ല. ഇടയ്ക്കു് 1 1/2 മണിക്കൂർ എങ്കിലും വിശ്രമത്തിനു സമയം കൊടുക്കണം. രാത്രി 7 മണിക്കും വെളുപ്പിന് 5 1/2 മണിയ്ക്കും ഇടയ്ക്കു് അവരെക്കൊണ്ടു് ജോലിചെയ്യിച്ചുകൂടാ.

3 അപകടകരമായ ജോലികൾ ചെയ്യുന്നതിനു് സ്ത്രീകളെയും കുട്ടികളെയും ഏർപ്പെടുത്തരുതു്.

4 തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കു് പ്രസവത്തിനു മുൻപും പിൻപും ശമ്പളഅലവൻസോടുകൂടിയ അവധി കൊടുക്കേണ്ടതാണു്.

5 തൊഴിൽശാലകളിൽ ജോലിചെയ്തുകൊണ്ടിരിക്കവെ, ശരീരത്തിനു എന്തെങ്കിലും അപകടമോ മരണമോ ഉണ്ടാകുന്ന തൊഴിലാളികൾക്കു് മുതലാളികൾ നഷ്ടപരിഹാരം ചെയ്യേണ്ടതാണു്.

മേൽവിവരിച്ചതുപോലെയുള്ള പല പൊതുജനക്ഷേമനിയമങ്ങൾ ഇപ്പോൾ സകലപരിഷ്കൃതഗവൺമെൻറുകളും നടപ്പിലാക്കിവരുന്നു. പ്രായപൂർത്തിവോട്ടവകാശപ്രകാരമാണല്ലോ ഇപ്പോൾ നമ്മുടെ നാട്ടിൽ ജനകീയഭരണം നടക്കുന്നതു്. ആ സ്ഥിതിക്കു് ഇങ്ങനെയുള്ള രാജ്യനിയമങ്ങളുടെ തുക മേലിൽ വർദ്ധിച്ചുവരുവാനാണു് എളുപ്പം.

ചോദ്യങ്ങൾ

1. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള മുഖ്യവ്യത്യാസമെന്തു്?

2. രാഷ്ട്രം തൊഴിലാളികളെയും മുതലാളികളെയും തമ്മിൽ യോജിപ്പിക്കുവാൻ ശ്രമിക്കുന്നതിന്റെ കാരണമെന്തു്?

3. തൊഴിലാളി സംഘടനകൾകൊണ്ടുള്ള ഗുണങ്ങളേവ?

4. തൊഴിലാളികളുടെ ക്ഷേമവൎദ്ധനവിനുവേണ്ടി ഇപ്പോൾ നിലവിലിരിക്കുന്ന ചില നിയമങ്ങൾ വിവരിക്കുക.

അദ്ധ്യായം 5

ഗതാഗതമാൎഗ്ഗങ്ങളും വാൎത്താവിനിമയവും

അവയ്ക്കു് രാഷ്ട്രം നൽകുന്ന സഹായങ്ങൾ.

ഇതുവരെ നാം വിവരിച്ചതു്, വിദ്യാഭ്യാസവിഷയത്തിലും പൊതുജനാരോഗ്യത്തിലും, തൊഴിലാളി മുതലാളി മൈത്രിയിലും രാഷ്ട്രം നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങളെപ്പററിയാണു്. മുൻകാലങ്ങളിൽ ഈ വക കാൎയ്യങ്ങളിലൊന്നും രാഷ്ട്രം ശ്രമിക്കുക പതിവില്ലായിരുന്നു. ആധുനികകാലത്തു് മാത്രമാണു് ഈ വക കാൎയ്യങ്ങളിൽ രാഷ്ട്രം ശ്രമിച്ചു തുടങ്ങിയിരിക്കുന്നതു്. ഇതുപോലെയുള്ള വേറെ രണ്ടു വിഷയങ്ങളാണു് ഒരു രാജ്യത്തിലെ ഗതാഗത മാൎഗ്ഗങ്ങളും വാൎത്താവിനിമയ സൗകൎയ്യങ്ങളും.

ആദ്യമായി നമുക്കു ഗതാഗതസൗകര്യങ്ങളുടെ കാര്യം ആലോചിക്കാം. മുൻകാലങ്ങളിൽ ജനങ്ങൾ സഞ്ചരിച്ചിരുന്നതു്, ഇന്നത്തെപ്പോലെ സർക്കാർ ചെലവിൽ വിസ്തൃതമായി വെട്ടി, കോൺക്രീററു ചെയ്തിട്ടുള്ള റോഡുകളിൽ കൂടിയല്ലായിരുന്നു. പഴയ നാട്ടുവഴികളാണു് അവർ കരമാർഗ്ഗസഞ്ചാരത്തിനുപയോഗിച്ചിരുന്നതു്. ഇന്നത്തെപ്പോലെ അന്നു തീവണ്ടിപ്പാതകളോ പബ്ളിക്കു് റോഡുകളോ ഇല്ലായിരുന്നു. ജലമാർഗ്ഗസഞ്ചാരത്തിനു പ്രകൃതിദത്തമായ നദികളും കായലുകളുമാണു് പഴവന്മാർ ഉപയോഗിച്ചിരുന്നതു്. വിമാനഗതാഗതത്തെപ്പററിയുള്ള പുരാണകഥകൾ മാത്രമേ അവർ കേട്ടിരുന്നുള്ളു. എന്നാൽ ആധുനികകാലമായപ്പോഴേക്കു് നല്ല നല്ല പബ്ളിക്കു റോഡുകളും റെയിൽപ്പാതകളും വിമാനസർവ്വീസുകളും മാത്രമല്ല, വമ്പിച്ച ജലവാഹനസൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കേണ്ടതു് ഒരു രാഷ്ട്രത്തിന്റെ പ്രധാന ചുമതലകളിൽ ഒന്നാണെന്നു സകലക്കും ബോദ്ധ്യമായിട്ടുണ്ടു്.

ഗതാഗതസൗകര്യങ്ങൾ മൂലം ഒരു രാജ്യത്തിനുണ്ടാകുന്ന വിവിധ ഗുണങ്ങളെ താഴെ വിവരിക്കുന്നു.

1 ഇൻഡ്യ വിപുലമായ ഒരു മഹാരാജ്യമാണു് അതിൽ ചില ഭാഗങ്ങളിൽ ധാരാളം ഭക്ഷ്യപദാർത്ഥങ്ങൾ വിളയുന്നുണ്ടു്. ഈ ഭക്ഷ്യധാന്യങ്ങൾ തീവണ്ടി മൂലവും മററും എല്ലാ സ്ഥലങ്ങളിലേക്കും വിതരണം ചെയ്യുന്നു. അതുകൊണ്ടാണു് നമ്മുടെ മഹാരാജ്യത്തിൽ ഇപ്പോൾ മുൻപിലത്തെപ്പോലെയുള്ള ക്ഷാമബാധ ഇല്ലാതിരിക്കുന്നതു്.

2. ഇൻഡ്യയിൽ ബോംബെ, അഹമ്മദ്ബാദ് മുതലായ പട്ടണങ്ങളിൽ വളരെ വസ്ത്രവ്യവസായ ശാലകളുണ്ടു്. ആ പട്ടണങ്ങളിലേക്കു് ധാരാളം പഞ്ഞിക്കെട്ടുകൾ ദിവസംതോറും ഇപ്പോൾ എത്തിച്ചുകൊടുക്കുവാൻ സാധിക്കുന്നതു് ധാരാളം ഗതാഗതസൗകര്യങ്ങൾ സമീപപ്രദേശങ്ങളിലുള്ളതുകൊണ്ടാണു്. ഇങ്ങനെ വൻവ്യവസായങ്ങൾക്കു വേണ്ട അസംസ്കൃതസാധനങ്ങൾ യഥാസ്ഥാനത്തിൽ എത്തിച്ചുകൊടുക്കുന്നതിനു്, റോഡുകൾ, തോടുകൾ, റെയിൽവേകൾ ഇവ വളരെ സഹായിക്കുന്നു. ഇവതന്നെ സംസ്കൃതസാധനങ്ങൾ നാടടക്കം വിതരണം

ചെയ്യുന്നതിനും സഹായിക്കുന്നുണ്ടു്.

3. കൃഷിവികസിക്കുന്നതിനും മേൽപ്പറഞ്ഞഗതാഗത സൌകര്യങ്ങൾ വളരെ ഉപകരിക്കുന്നു. ഉൾനാട്ടുകളിൽ വസിക്കുന്ന ജനങ്ങൾ മുൻകാലങ്ങളിൽ അവരവക്കു നിത്യം ആവശ്യമുള്ള കാഷികോല്പന്നങ്ങൾ മാത്രമേ ഉല്പാദിപ്പിക്കുക പതിവുണ്ടായിരുന്നുള്ളു. ഗതാഗത സൌകര്യങ്ങൾ വദ്ധിച്ചതോടുകൂടി ആ പ്രദേശങ്ങളിൽ ആദായകരമായി ധാരാളം കൃഷി ചെയ്യുന്നതിനിടയായി. ഈ സാധനങ്ങൾ വിദേശങ്ങളിലേക്കു കയററി അയച്ചു് ലാഭമെടുക്കുവാൻ സാധിച്ചതുമൂലമത്രെ ജനങ്ങൾ അങ്ങനെ കൃഷി ചെയ്തുതുടങ്ങിയതു്.

4. ഗതാഗതസൌകര്യങ്ങൾ വർദ്ധിച്ചതുമൂലം ഇൻഡ്യാക്കാരുടെഇടയിൽ പൂർവ്വാധികം ദേശീയബോധവും ജോജിപ്പും വിശാലമനോഭാവവും ഉണ്ടായിട്ടുണ്ടു്. ഇൻഡ്യയുടെ വിവിധഭാഗങ്ങളെ സംയോജിപ്പിക്കുന്ന റെയിൽവേകളും വിമാനസർവ്വീസും മൂലം വിദൂരഭാഗങ്ങൾ വളരെ സമീപമായി തീരുന്നതിനിടയായിട്ടുണ്ടു്. ഇൻഡ്യക്കു പുതുതായി ലഭിച്ചിട്ടുള്ള ദേശീയസ്വാതന്ത്ര്യത്തിനു് ഇന്നത്തെ വിമാനസർവ്വീസും തീവണ്ടിയും സാക്ഷാൽവിലയേറിയ അനുഗ്രഹങ്ങളത്രെ

5. വിപുലമായ ഈ മഹാരാജ്യത്തിനുള്ളിൽ എന്തെങ്കിലും അസ്വാസ്ഥ്യമോ ഏതിപ്പോ ലഹളയോ ഉണ്ടാകുന്നപക്ഷം ആ സ്ഥാനങ്ങളിലേക്കു പോലീസിനെയും പട്ടാളത്തെയും അയച്ചു സമാധാനം പരിപാലിക്കുന്നതിനും മേൽപ്പറഞ്ഞ ഗതാഗതമാർഗ്ഗങ്ങൾ വളരെ സഹായിക്കും.

ആധുനികലോകത്തിൽ ഗതാഗതമാർഗ്ഗങ്ങൾക്കുള്ള പ്രാധാന്യം എത്രമാത്രമുണ്ടെന്നു മേൽപ്രസ്താവിച്ച വസ്തുതകളിൽനിന്നും ഗ്രഹിക്കാവുന്നതാണു്. "ഒരു രാജ്യത്തിലെ ഗതാഗതസൌകര്യങ്ങൾ ആ രാജ്യത്തിൻെറ നാഗരികതയെ കുറിക്കുന്നു" എന്നു് ഒരു ചൊല്ലുണ്ടു്. അതു് എത്രയോ പരമാത്ഥമാണു്!

ഇൻഡ്യാമഹാരാജ്യത്തിൽ 314,181 മൈൽ നീളത്തിലുള്ള പബ്ളിക്ക് റോഡുകളുണ്ടു്. അവയിൽക്കൂടി കാളവണ്ടികളും മോട്ടോർ വാഹനങ്ങളും വഴി ജനങ്ങൾ

സഞ്ചരിക്കുകയും ആഭ്യന്തരവാണിജ്യം നടത്തുകയും ചെയ്തുവരുന്നു. റെയിൽവേകളാണെങ്കിൽ 40,512 മൈൽ നീളത്തിലുണ്ട്. അവ ഇൻഡ്യയിലെ സകല പ്രധാന തുറമുഖങ്ങളേയും ഉൾനാട്ടുകേന്ദ്രങ്ങളെയും തമ്മിൽ യോജിപ്പിക്കുന്നു. 26000 മൈൽ നീളത്തിൽ സഞ്ചരിക്കത്തക്ക ജലമാർഗ്ഗസൌകര്യങ്ങളും ഇൻഡ്യയിലിപ്പോളുണ്ട്. ഇൻഡ്യയും ഭൂലോകത്തിലെ വിവിധഭാഗങ്ങളുമായി യോജിപ്പിക്കുകയും, രാജ്യത്തിനുള്ളിൽതന്നെ പതിവായി സഞ്ചരിക്കുകയും ചെയ്യുന്ന വിമാനസർവ്വീസുകൾ ഇപ്പോൾ ധാരാളമത്രേ. വിമാനസങ്കേതങ്ങളുടെ തുക 150—ൽ അധികമുണ്ട്. വിമാനങ്ങളിൽക്കൂടി ജനങ്ങൾ സഞ്ചരിക്കുകയും തപാലുരുപ്പടികളും വിലകൂടിയ വാണിജ്യസാധനങ്ങളുംആവാഹിക്കപ്പെടുകയും ചെയ്യുന്നു. ഇതെല്ലാം ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പ്രശസ്ത നേട്ടങ്ങളാണ്. പരിഷ്കൃതമായ ഒരു രാഷ്ട്രത്തിന്റെ പ്രധാന ചുമതലയാണ് മേൽപറഞ്ഞവിധം ഗതാഗതസൌകര്യങ്ങളുണ്ടാക്കി കൊടുക്കുന്നതു്.

ആശയവിനിമയമാർഗ്ഗങ്ങൾ

വേഗത്തിൽ ആശയവിനിമയം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ രാജ്യത്തിൽ വർദ്ധിപ്പിക്കുന്നതും രാഷ്ട്രത്തിന്റെ ഒരു പ്രധാന ചുമതലയത്രെ. വിമാനമാർഗ്ഗം എഴുത്തുകളയക്കുന്നതിന് ചെലവ് ഇപ്പോൾ വളരെകുറച്ചിട്ടുണ്ട്. അതിനേക്കാൾ വേഗത്തിൽ സന്ദേശങ്ങൾ അയക്കുന്നതിന് കമ്പിത്തപാൽ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. പ്രധാനപ്പെട്ട എല്ലാം പോസ്റ്റാഫീസുകളിലും കമ്പിത്തപാൽ ഏർപ്പാടുണ്ട്. പതിമൂന്നണകൊണ്ട് എട്ടു വാക്കുകളടങ്ങിയ ഒരു സന്ദേശം ഇപ്പോൾ എവിടെയും അയക്കാവുന്നതാണ്. എന്നാൽ ടെലഫോൺ സമ്പ്രദായം ഇതിനേക്കാൾ വേഗതയും സൌകര്യവുമുള്ള ഒരു വാർത്താവിനിമയമാർഗ്ഗമത്രെ. വളരെ ദൂരെയുള്ളവർ തമ്മിൽ സംസാരിക്കുന്നതിനും, ദൂരസ്ഥലങ്ങളിലേക്ക് ശീഘ്രഗതിയിൽ സന്ദേശങ്ങളയക്കുന്നതിനും ഇതുമൂലം സാധിക്കുന്നു. കച്ചവടക്കാർക്ക് ഇതു പ്രത്യേകിച്ചും പ്രയോജനകരമാ

ണ്. അപ്പഴപ്പോൾ വാണിജ്യകേന്ദ്രങ്ങളിലുള്ള വ്യാപാരനിലവാരം അറിയുന്നതിന് ഇതു സഹായിക്കുന്നു. 'വയർലെസ്സ്' അഥവാ കമ്പിയില്ലാക്കമ്പിമൂലവും വിദൂരദേശങ്ങളുമായി അതിവേഗത്തിൽ സന്ദേശങ്ങൾ അയക്കാവുന്നതാണ്. യുദ്ധകാലങ്ങളിൽ സൈന്യങ്ങൾക്കു സന്ദേശങ്ങളയക്കുവാൻ ഇതു വളരെ പ്രയോജനപ്പെടുന്നു. അമേരിക്ക, ബ്രിട്ടൻ മുതലായ വിദൂരരാജ്യങ്ങളിൽനിന്നുപോലും ഒരു വയർലെസ് സന്ദേശം ഇൻഡ്യയിൽ വരുന്നതിനു ഏതാനും സെക്കണ്ടുകൾ മതിയാകുന്നതാണ്. ഇതിനോടു വളരെ സാമ്യമുള്ള ഒരു ആശയവിനിമയ മാർഗ്ഗമാണ് റേഡിയോ. ഭൂലോകമാസകലം ഒരു റേഡിയോ സന്ദേശം ചുറ്റിക്കറങ്ങുന്നതിന് ഏതാനും സെക്കൻറു മതിയാകും. ഇങ്ങനെയുള്ള പ്രക്ഷേപണ കേന്ദ്രങ്ങൾ ഇൻഡ്യയിലെ ഇടത്തരംപട്ടണങ്ങളിൽപോലും ഉള്ളതാണ്. റേഡിയോയന്ത്രമുള്ള സകലർക്കും വിദ്യുച്ഛക്തിയുടെ ഉപയോഗത്തോടുകൂടി ആ പ്രക്ഷേപണങ്ങൾ കേട്ടുവിനോദിക്കുകയും കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്യുവാൻ സാധിക്കുന്നു.

പൗരന്മാർക്കു സാമ്പത്തികമായും സാന്മാർഗ്ഗികമായും സംസ്കാരപരമായും ഇവകൊണ്ടു സിദ്ധിക്കുന്ന പ്രയോജനങ്ങൾ സീമാതീതമത്രെ.

ചോദ്യങ്ങൾ

1. ഗതാഗതമാർഗ്ഗങ്ങൾമൂലം ഇൻഡ്യൻപൗരന്മാർക്കു സിദ്ധിക്കുന്ന ഗുണങ്ങളെന്തെല്ലാം?

2. ഇൻഡ്യയിൽ സുലഭമായ ആശയവിനിമയമാർഗ്ഗങ്ങൾ ഏവ? അവയിൽ ഓരോന്നും പൗരന്മാർക്ക് എന്തെല്ലാം ഗുണങ്ങൾ ചെയ്യുന്നു?

അദ്ധ്യായം 6

സഹകരണപ്രസ്ഥാനം

അതിനു രാഷ്ട്രം നൽകുന്ന സഹായം

മുൻകാലങ്ങളിൽ രാഷ്ട്രം പൌരന്മാരുടെ സാമ്പത്തികവും സാമൂഹ്യവുമായ കാൎയ്യങ്ങളിൽ അനുകൂലമായോ, പ്രതികൂലമായോ കൈകടത്തിയിരുന്നില്ലെന്നു് നാം മുൻപു പല തവണ പ്രസ്താവിച്ചിട്ടുണ്ടു്. വ്യക്തികളുടെ സ്വാതന്ത്ര്യത്തിനു അതു ഹാനികരമാണെന്നായിരുന്നു അന്നത്തെ വയ്പ്പ്. ഇന്നു് ആ വക അഭിപ്രായത്തിനു യാതൊരു പ്രസക്തിയുമില്ല. അതിനുള്ള ഒരുത്തമ ഉദാഹരണമാണു് ജനങ്ങളുടെ സാമ്പത്തികോന്നമനത്തിനുവേണ്ടി സഹകരണസംഘങ്ങൾവഴി രാഷ്ട്രം നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ.

ഇൻഡ്യയിലെ ജനസംഖ്യയിൽ 70 ശതമാനവും സ്വന്തമായി വലിയ മൂലധനമില്ലാത്ത കൎഷകരാണു്. അവരുടെ തൊഴിൽ പല കാരണവശാലും അനാദായകരമത്രെ. അതിൽ ഏററം പ്രധാനമായിട്ടുള്ള കാരണം, ഇൻഡ്യയിൽ നിലവിലിരിക്കുന്ന അമിതപലിശയത്രെ. രണ്ടാമത്തെ കാരണം ഇടക്കച്ചവടക്കാർമൂലം ഇൻഡ്യൻ കൎഷകൻ അനുഭവിക്കുന്ന ചൂഷണമത്രെ. അവർ കാൎഷികോല്പന്നങ്ങൾ വിലകുറച്ചു കൎഷകനോടു വാങ്ങിക്കുകയും വിലകൂടുമ്പോൾ അവ വിററു ലാഭമെടുക്കുകയും ചെയ്യുന്നു. ഇതിന്റെ എല്ലാം ഫലമായി അവൎക്കു ആണ്ടുവട്ടത്തിൽ ശേഷിക്കുന്നതു് വൎദ്ധമാനമായി വരുന്ന കടമത്രെ. "ഇൻഡ്യൻകൎഷകൻ കടത്തിൽ ജനിക്കുകയും കടത്തിൽ ജീവിക്കുകയും, കടം മക്കൾക്കു വീതിച്ചുകൊടുക്കുകയും ചെയ്യുന്നു" എന്നു ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു തുലോം ശരിയാണു്. ഈ ദുഃസ്ഥിതിയെ പരിഹരിക്കുന്നതിനായി ഗവൺമെണ്ടിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്ന ഒരു ഡിപ്പാർട്ടുമെൻറത്രെ സഹകരണവകുപ്പ്.

കർഷകനു് ആദായകരമായും സൗകര്യപ്രദമായും മൂലധനം ലഭിക്കുന്നതിനുള്ള ഒരു സ്ഥാപനമാണു് സഹകരണസംഘം. ഇൻഡ്യൻകർഷകനെ അമിതപലിശാവ്യവസ്ഥകളിൽനിന്നു സംരക്ഷിച്ചു്, അവനു മിതമായ പലിശക്കു മൂലധനം കൊടുക്കേണ്ട മാർഗ്ഗങ്ങളെപ്പററി ഫ്റഡറിക്കു് നിക്കൽസൺ എന്നു പേരായി മദ്രാസിൽ ജോലി ചെയ്തിരുന്ന ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻ അഗാധമായി ചിന്തിക്കുകയുണ്ടായി: തൽഫലമായി അദ്ദേഹം ഗവർമ്മെണ്ടിലേക്കു ഒരു പദ്ധതി സമർപ്പിക്കുകയും ചെയ്തു. ജർമ്മനിയിലെ ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലും നിലവിലിരുന്ന സഹകരണസംഘങ്ങളുടെ മാതൃകയിൽ ഇൻഡ്യയിലും സഹകരണസംഘങ്ങൾ സ്ഥാപിച്ചു നടത്തുന്നതു വളരെ ഗുണകരമായിരിക്കുമെന്നായിരുന്നു അദ്ദേഹത്തിൻെറ ശുപാർശ. ഈ ശുപാർശകൾ ഗവർമ്മെണ്ടിൽനിന്നുംസ്വീകരിക്കുകയും 1904-ൽ "കോവോപ്പറേററീവു് ആക്ടു്" എന്നൊരു നിയമം മുഖേന അതു പ്രാവർത്തികമാക്കുകയുംചെയ്തു. 1912-ാമാണ്ടു് ഈ വിഷയത്തിൽ വേറെയും ചില നിയമനിർമ്മാണം നടത്തി, വേണ്ട കൂടുതൽ വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടു്.

സഹകരണസംഘങ്ങൾ പലവിധമുണ്ടു്. അവയിൽ ഇൻഡ്യയിൽ ആദ്യം നടപ്പിലാക്കിയതും, കൂടുതൽ പ്രചാരമുള്ളതും, കടവായ്പകൊടുക്കുന്ന ക്രെഡിററു സംഘങ്ങളാകുന്നു. ഓരോ പ്രദേശത്തെ അധിവസിക്കുന്നവരോ ഓരോ വർഗ്ഗത്തിൽപ്പെടുന്നതോ ആയ പത്തോ അതിലധികമോ ആളുകൾ ചേർന്നു്, സഹകരണവകുപ്പദ്ധ്യക്ഷനോടപേക്ഷിച്ചാൽഒരുസംഘം റജിസ്റ്റർചെയ്തുകിട്ടും. ഇവരുടെ പ്രഥമകൃത്യം ഒരു മൂലധനം ഉണ്ടാക്കുകയാണു്. അംഗങ്ങളുടെ പ്രവേശനഫീസ്, ഓഹരിത്തുക, അംഗങ്ങൾ സ്വമനസ്സാലെ അതിൽ നിക്ഷേപിക്കുന്ന തുക, വെളിക്കുനിന്നുംകിട്ടുന്ന കടങ്ങൾ, ഇവയെല്ലാംകൊണ്ടു് ആ സംഘം ഒരുമൂലധനം സ്വരൂപിക്കുന്നു. ഈ മൂലധനമാണു്, സംഘത്തിൽനിന്നും കടവായ്പ അപേക്ഷിക്കുന്ന അംഗങ്ങൾക്കു്, കുറഞ്ഞ പലിശക്കു കൊടുക്കുന്നതു്. സംഘങ്ങൾ പ്രവർത്തിക്കേണ്ടതു്, സർക്കാരിൽനിന്നും അംഗീകരിച്ചിട്ടുള്ള

നിയമാവലി അനുസരിച്ചാണു്. ഈ നിയമങ്ങൾ ശരിയായി പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും, വേണ്ട നിയന്ത്രണങ്ങൾ ചെലുത്തുന്നതിനുമായി, സക്കാരിൽനിന്നും ഇൻസ്പെക്ടറന്മാരെയും അസിസ്റ്റൻറു് രജിസ്ട്രാറന്മാരെയും, രജിസ്ട്രാറന്മാരെയും, സംസ്ഥാനങ്ങൾതോറും സ്ഥാപിച്ചിട്ടുണ്ടു്. ഈ പ്രസ്ഥാനത്തെ സഹായിക്കുന്നതിനുവേണ്ടി, സക്കാരിൽനിന്നും ചില അവകാശങ്ങൾകൊടുത്തിരിക്കുന്നു. ആദായനികുതി, രജിസ്ത്രേഷൻ ഫീസ്, മുദ്രവില, ഇവയൊന്നും ഇവർ കൊടുക്കേണ്ടതായിട്ടില്ല. ഈ വക ആനുകൂല്യങ്ങളും, മിതമായ പലിശക്കു കടംകൊടുക്കുന്നതിനുള്ള സൌകര്യവും, നിമിത്തം ക്രെഡിററുസംഘങ്ങൾ ഇൻഡ്യയിൽ ഇപ്പോൾ വളരെ വദ്ധിച്ചിട്ടുണ്ടു്.

1912-ാമാണ്ടിൽ ഇൻഡ്യാഗവമ്മെണ്ടിൽനിന്നും പാസ്സാക്കിയ സഹകരണനിയമങ്ങൾ ഈ പ്രസ്ഥാനത്തിനു് രാജ്യത്തിൽ കൂടുതൽ പ്രചാരംനൽകി. ഇതിൽ ഏററം പ്രധാനമായതു്, കടവായ്പസംഘങ്ങൾക്കു പുറമെ വേറെയും പല ഇടപാടുകൾ നടത്തത്തക്ക സംഘങ്ങൾ ഇൻഡ്യയിൽ ആവിർഭവിച്ചു എന്നുള്ളതാണു്. കൃഷകൻെറ ഉല്പന്നങ്ങൾ ഇടക്കച്ചവടക്കാർ വിലകുറച്ചുവാങ്ങി അവരെ ചൂഷണംചെയ്യുന്ന പതിവിനെത്തടയുന്നതിനുവേണ്ടി, വില്പനസഹകരണസംഘങ്ങൾ സ്ഥാപിക്കപ്പെട്ടു. ഈ സംഘങ്ങൾ കൃഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ശേഖരിച്ചു് വില കൂടുതൽ കിട്ടത്തക്കവിധത്തിൽ വില്ക്കുന്നവയാണു്.

അതുപോലെതന്നെ സഹകരണതത്വങ്ങളിൽ അടിസ്ഥാനമാക്കിയ വിതരണസംഘങ്ങളും നടപ്പിലാക്കി. രജിസ്റ്ററാക്കപ്പെട്ട ഒരു വിതരണസംഘം, അതിൻെറ മൂലധനം പിരിച്ചെടുത്തു്, ഭക്ഷ്യവസ്ത്വാദികൾ വാങ്ങി, മിതമായ വിലക്കും, കളങ്കം പ്രയോഗിക്കാതെയും, അളവിലും തൂക്കത്തിലും വ്യത്യാസങ്ങൾ കാണിക്കാതെയും. വില്പനനടത്തുകയും, അതിൽനിന്നുള്ള ആദായം അംഗങ്ങൾക്കുതന്നെ വീതിച്ചുകൊടുക്കുകയും ചെയ്യുന്നു. 1929-ലെ സാമ്പത്തികാധഃപതനംമൂലം രാജ്യമാസകലമുള്ള സഹകരണസംഘങ്ങൾക്കു് വലിയൊരു കഷ്ടകാലംതന്നെ വന്നുഭവിച്ചു. ഇ

പ്പോൾ അതിൽനിന്നും ഈ പ്രസ്ഥാനം മോചനം പ്രാപിച്ചുവരികയാണ്.

ഛിന്നഭിന്നമായി ചിതറിക്കിടക്കുന്ന സ്ഥാവരവസ്തുക്കളെ സംയോജിപ്പിക്കുന്നതിൽ, ഗണ്യമായ ഒരു സ്ഥാനം, സഹകരണസംഘങ്ങൾ പഞ്ചാബിൽ വഹിച്ചുകൊണ്ടിരുന്നു. അതുപോലെതന്നെ ക്ഷീരവ്യവസായം, പട്ടുവ്യവസായം, വളസംഭരണം, കൃഷിയായുധങ്ങളുടെ വില്പന, മുതലായവിഷയങ്ങളിലെല്ലാം സഹകരണസംഘങ്ങൾ ഇപ്പോൾ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. മേല്പറഞ്ഞ പല പ്രവർത്തനങ്ങളേയും ഉൾപ്പെടുത്തിയുള്ള വിവിധോദ്ദേശ്യസംഘങ്ങളും ഇപ്പോൾ പലയിടത്തും നിലവിലിരിക്കുന്നുണ്ട്

ഇവയുടെ പ്രവർത്തനംകൊണ്ട് കർഷകന് മിതമായ പലിശക്കു കടം കിട്ടുന്നതിനുപുറമേ, അവന് ജനകീയ ഭരണക്രമത്തിൽ പരിശീലനം ലഭിക്കുകയും, സാമ്പത്തികമായും സാന്മാർഗ്ഗികമായും മററനേകഗുണങ്ങൾ സിദ്ധിക്കുകയും ചെയ്യുന്നു. അടുത്തകാലത്ത് തയാറാക്കിയ സ്ഥിതിവിവരക്കണക്കനുസരിച്ച്, ഇൻഡ്യയിൽ 110967 സഹകരണസംഘങ്ങളുണ്ട്. അവയിൽ 96209 കാർഷികസംഘങ്ങളും 13,426 ഇതര തൊഴിലുത്സംഹസംഘങ്ങളും, 622 കേന്ദ്രസംഘങ്ങളും 710 മേൽനോട്ടം വഹിക്കുന്ന ഐക്യസംഘങ്ങളും ഉൾപ്പെടും. ഇന്ന് ഇൻഡ്യയിലെ കടവായ്പ ഇടപാടുകളിൽ പത്തുശതമാനം നടത്തിക്കൊണ്ടുപോകുന്നത് ഈ സഹകരണസംഘങ്ങളാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ചോദ്യങ്ങൾ

1. സഹകരണസംഘങ്ങളുടെ ഉദ്ദേശ്യമെന്ത്?

2. ആ ഉദ്ദേശ്യങ്ങൾ എപ്രകാരമെല്ലാം സാധിക്കുന്നു?

3. സഹകരണസംഘങ്ങൾ എത്രവിധം? അവയിൽ ഓരോന്നിന്റേയും പ്രവർത്തനങ്ങൾ വിവരിക്കുക?

അദ്ധ്യായം 7.

ബാങ്കിംഗ് പ്രസ്ഥാനവും രാഷ്ട്രനിയന്ത്രണവും

സഹകരണപ്രസ്ഥാനംമൂലം കർഷകർ തുടങ്ങിയുള്ള സാധാരണജനങ്ങളുടെ സാമ്പത്തികനിലയെ ഉയർത്തുന്നതിനു് രാഷ്ട്രം ചെയ്തുവരുന്ന സഹായസഹകരണങ്ങളെപ്പററി കഴിഞ്ഞ അദ്ധ്യായത്തിൽ നാം വിവരിച്ചു. ഇനിയും നമുക്കു പരിശോധിക്കുവാനുള്ളതു് ബാങ്കിങ്ങ് പ്രസ്ഥാനംമൂലം പൊതുജനങ്ങളുടെ സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി സർക്കാരിൽനിന്നും ചെയ്തുവരുന്ന പ്രോത്സാഹനങ്ങളെപ്പററിയത്രെ.

പണവ്യാപാരം പണ്ടേക്കു പണ്ടേ ഇൻഡ്യയിൽ നിലവിലിരുന്നു. മനുവിന്റെ ധർമ്മശാസ്ത്രത്തിലും കൌടില്യന്റെ അർത്ഥശാസ്ത്രത്തിലും ബാങ്കിങ്ങ സമ്പ്രദായത്തെപ്പററി വിവരിച്ചുകാണുന്നുണ്ടു്. മഹമ്മദീയഭരണകാലത്തും തനി നാടൻബാങ്കുകളുണ്ടായിരുന്നു. ഇക്കാലത്തുപോലും അങ്ങനെയുള്ള പണവ്യാപാരികൾ ഇൻഡ്യയിലുണ്ടു്. നാട്ടുകോട്ടചെട്ടികൾ, മാർവാരികൾ, ബനിയാന്മാർ, മഹാജനങ്ങൾ എന്നൊക്കെയാണു് അവർ വിവിധപ്രദേശങ്ങളിൽ അറിയപ്പെടുന്നതു്. എന്നാൽ പാശ്ചാത്യരീതിയിലുള്ള ബാങ്കുകൾ ഇൻഡ്യയിലാരംഭിച്ചിട്ടും അരനൂററാണ്ടിൽ ക്കൂടുതലായിട്ടില്ല. ഈ ബാങ്കുകളുടെ പ്രവർത്തനംമൂലം വ്യാപാരികൾക്കു് സൌകര്യമായി മൂലധനം ലഭിക്കണമെന്നാണു് സർക്കാരിൽനിന്നും അഭിലഷിക്കുന്നതു്. എന്നാൽ തൻമൂലം പൌരന്മാർക്കു യാതൊരു വക നഷ്ടമോ ഉപദ്രവമോ വരാതിരിക്കണമെന്നും സർക്കാരിനു പ്രത്യേക ശ്രദ്ധയുണ്ടു്. അതിനുവേണ്ട പ്രത്യേക മുൻകരുതലോടുകൂടി മാത്രമേ ബാങ്കുകൾ റജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം കൊടുക്കുകയുള്ളൂ. അവയുടെ പ്രവർത്തനങ്ങളെ അപ്പഴപ്പോൾ പരിശോധിക്കുന്നതിനുവേണ്ട ചട്ടംകെട്ടുകളും

ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ചെയ്തുവരുന്നു. ഗവമ്മെണ്ടുവകയായി നടത്തുന്ന ഒരു വലിയ ബാങ്കാണു് റിസർവ്വ് ബാങ്കു്. അതിലെ ഉദ്ദ്യോഗസ്ഥന്മാരാണു് മററുബാങ്കുകളെപ്പററി അന്വേഷണം നടത്തുന്നതു്.

ഇൻഡ്യയിൽ 7 ലക്ഷം ഗ്രാമങ്ങളും 2575 മുനിസിപ്പൽനഗരങ്ങളും ഉണ്ടല്ലോ. ഇവയിൽ പലതിലും ഓരോ ബാങ്കുകൾ വീതം എങ്കിലും സ്ഥാപിക്കണമെന്നാണു് ഇൻഡ്യയിലെ നേതാക്കന്മാർ അഭിലഷിക്കുന്നതു്. തന്മൂലം ജനങ്ങൾക്കു മൊത്തത്തിൽ സാമ്പത്തികമായ അഭിവൃദ്ധിയുണ്ടാകുമെന്നാണു് പ്രതീക്ഷ. അതെങ്ങനെ സംഭവിക്കുമെന്നറിയണമെങ്കിൽ ബാങ്കുകൾ നിർവഹിക്കുന്ന ജോലികളെന്താണെന്നും പരിശോധിക്കേണ്ടിയിരിക്കുന്നു

1. അവയിൽ പ്രധാനമായിട്ടുള്ളതു് ജനങ്ങളുടെ ഇടയിൽ മിതവ്യയവും സമ്പാദനശീലവും ഉണ്ടാക്കുന്നു എന്നുള്ളതാണു്. ബാങ്കുകളിൽ പണം നിക്ഷേപിക്കുന്ന ശീലമുള്ള പൌരന്മാർ അനാവശ്യ ചെലവുകൾ ചെയ്യുകയില്ല. അവർ ആഡംബരങ്ങൾ ചുരുക്കുകയും മിതവ്യയം പരിശീലിക്കുകയും ചെയ്യുന്നു. തേനീച്ചകൾ പൂക്കൾതോറും പറന്നുപോയി തേൻ ശേഖരിച്ചു കൂട്ടിൽ നിക്ഷേപിക്കുന്നില്ലേ? അതുപോലെയുള്ള ഒരു സേവനമാണു് മിതവ്യയം ശീലിക്കുന്ന പൌരന്മാർ രാജ്യശ്രേയസ്സിനുവേണ്ടി ചെയ്യുന്നതു്. ഇങ്ങനെ ലഭിക്കുന്ന മൂലധനമാണു് രാജ്യത്തിലെ സാമ്പത്തികയത്നങ്ങൾക്കുവേണ്ടി ബാങ്കുകാർ മററുള്ളവർക്കു കടമായി കൊടുക്കുന്നതു്.

2. ബാങ്കുകൾ നിർവ്വഹിക്കുന്ന മറെറാരു സമുദായസേവനം വാണിജ്യവ്യവസായാദികൾക്കു വേണ്ട മൂലധനം കടം കൊടുക്കുകയത്രേ. മൂലധനമില്ലെങ്കിൽ യാതൊരു സാമ്പത്തികയത്നവും നടക്കുവാനിടയില്ലല്ലോ. പക്ഷേ, വ്യാപാരികൾ ദീർഘകാലത്തേക്കു് ഈ പണം ആവശ്യപ്പെടുകയില്ല. കുറഞ്ഞ കാലാവധിക്കു് പണം കടം കൊടുക്കുകയാണു് വാണിജ്യബാങ്കുകൾ ചെയ്യാറുള്ളതു്. അതിനുവേണ്ട ഈടോടുകൂടി അവർ സ്വർണ്ണമായോ ചരക്കായോ സ്വീകരിച്ചിട്ടേ കടം കൊടുക്കുകയുള്ളൂ. തന്മൂ

ലം ബാങ്കുകാർക്കു പലിശയും വ്യാപാരികൾക്കു ലാഭവും കിട്ടുന്നു.

3. ബാങ്കുകളിൽ പണം നിക്ഷേപിച്ചിട്ടുള്ള ആളുകൾക്കു് ബാങ്കുപ്രവർത്തകന്മാർ ഒരു രസീതും "ചെക്കുബുക്കും" കൊടുക്കും. അതിൽ പത്തോ അതിൽ കൂടുതലോ കടലാസ്സുകൾ കാണും. അവയിൽ ബാങ്കിന്റെ പേരും അക്ഷകമായി മുദ്രണം ചെയ്തുകാണും. നിക്ഷേപകന്മാർക്കു ബാങ്കിൽ സ്വയം പോയി പണമെടുക്കുവാൻ സൌകര്യമില്ലെങ്കിൽ ആ ചെക്കുബുക്കിലുള്ള ഒരു കടലാസ്സിൽ തുകയും കൊടുക്കേണ്ട ആളിന്റെ പേരും കുറിച്ചു് ഒപ്പിട്ടയച്ചാൽ, ആ തുക ബാങ്കിൽനിന്നും അയാൾ വശം ഏല്പിക്കും. ഇതിനെ (Cheque System) ചെക്കു് സമ്പ്രദായം എന്നു പറയുന്നു. ഇതു് വ്യാപാരികൾക്കു് വലിയ സൌകര്യമാണു്. വിദേശങ്ങളിലേക്കു് പണമയക്കേണ്ടവർക്കും വലിയ തുകകൾ കൈമാററം ചെയ്യേണ്ട വ്യാപാരികൾക്കുമാണു് ഇതുകൊണ്ടു് കൂടുതൽ പ്രയോജനമുള്ളതു്.

4. ഇൻഡ്യാഗവമ്മെണ്ടിന്റെ പണമിടപാടുകളെല്ലാം നടത്തിക്കൊണ്ടുപോരുന്നതു് റിസർവ് ബാങ്ക് എന്ന വൻതരം ബാങ്കാണു്. ഇൻഡ്യയിലെ വൻതരം ബാങ്കുകളെയെല്ലാം ഈ വൻബാങ്കാണു് ഉപദേശിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു്. ആ ബാങ്കിൽനിന്നും പുറപ്പെടുവിക്കുന്ന കടലാസ്സു് നാണ്യങ്ങളാണു് നാം കൈകാര്യം ചെയ്യുന്ന അഞ്ചു്, പത്തു്, നൂറു്, ആയിരം, രൂപാനോട്ടുകൾ. ഈ നോട്ടുകൾമൂലം നമുക്കു പണമിടപാടുകൾക്കു് വളരെ സൌകര്യം കിട്ടുന്നുണ്ടല്ലോ.

ഗവമ്മെണ്ടിൽനിന്നും ചെയ്തുകൊണ്ടിരിക്കുന്ന പ്രോത്സാഹനത്തിന്റെയും നിയന്ത്രണത്തിന്റെയും ഫലമായി ഇൻഡ്യയിലിപ്പോൾ ഒരു ലക്ഷത്തിൽപരം രൂപാ മൂലധനമുള്ളതായി 150-ൽപരം ബാങ്കുകളുണ്ടു്. നല്ല സത്യസന്ധതയും പരിചയവും ഉള്ള നായകന്മാർ നടത്തിക്കൊണ്ടുപോകുന്നപക്ഷം ബാങ്കുകൾകൊണ്ടു് പൌരാവലിക്കു വളരെ പ്രയോജനം സിദ്ധിക്കുന്നതാണു്.

ചോദ്യങ്ങൾ.

1 ബാങ്കുകൾ നിർവഹിക്കുന്ന സേവനങ്ങൾ എന്തെല്ലാം?

2 ഇൻഡ്യാഗവമ്മെണ്ടു് ബാങ്കുകളെ എങ്ങനെ നിയന്ത്രിക്കുന്നു?

3 അതു് ബാങ്കുകളെ എങ്ങനെയെല്ലാം പ്രോത്സാഹിപ്പിക്കുന്നു?

ഉപസംഹാരം.

മേൽപ്രസ്താവിച്ചവയിൽനിന്നും രാഷ്ട്രത്തിൻെറ അധികാരം സാമ്പത്തികവും സാമുദായികവുമായ പല വിഷയങ്ങളിൽ വികസിച്ചുകൊണ്ടിരിക്കുന്നതായി നമുക്കു മനസ്സിലാകുന്നു. പക്ഷെ ഈ അധികാരവികാസത്തിന്നു് ഒരതിരുണ്ടു്. വ്യക്തികൾക്കു ജന്മസിദ്ധമായി ചില സ്വാതന്ത്ര്യങ്ങളും അവകാശങ്ങളുമുണ്ടു്. അവയിൽ കൈവയ്ക്കുന്നതിന്നു ജനകീയ രാഷ്ട്രങ്ങൾക്കുപോലും അവകാശമില്ല. ജന്മസിദ്ധമായ ഈ അവകാശങ്ങളെപ്പററി ഇൻഡ്യൻഭരണഘടനയിൽ (Fundamental Rights) മൌലികാവകാശങ്ങൾ എന്നാണു് വ്യവഹരിച്ചുകാണുന്നതു്.

ചിന്താസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, സമ്പാദനസ്വാതന്ത്ര്യം മുതലായവയാണു് ആ ജന്മാവകാശങ്ങൾ. രാഷ്ട്രം ഇവയിൽ കൈകടത്തുന്നപക്ഷം പൌരന്മാർ കേവലം അടിമകളായിപ്പോകും. അതുമാത്രം അനുവദനീയമല്ല.

താഴെ വിവരിക്കുന്ന

വിദ്യാഭ്യാസഗ്രന്ഥങ്ങൾ

വില്പനയ്ക്കു തയാറായിരിക്കുന്നു.

		രു	ണ.	സ.
I	ഇൻഡ്യാചരിത്രവീക്ഷണം			
	1-ാംവാല്യം (IV ഫാറത്തിലേയ്ക്കു്)	1	4	0
	2-ാംവാല്യം (V ഫാറത്തിലേയ്ക്കു്)	1	8	0
	3-ാംവാല്യം (VI ഫാറത്തിലേയ്ക്കു്)	1	4	0
II	ലോകചരിത്രവീക്ഷണം.			
	1-ാംവാല്യം (IV ഫാറത്തിലേയ്ക്കു്)	1	0	0
	2-ാംവാല്യം (V ഫാറത്തിലേയ്ക്കു്)	1	0	0
	3-ാംവാല്യം (VI ഫാറത്തിലേയ്ക്കു്)	1	4	0
III	പൌരധർമ്മപ്രകാശിക (Civics)			
	1-ാംവാല്യം (IV ഫാറത്തിലേയ്ക്കു്)	0	6	0
	2-ാംവാല്യം (V ഫാറത്തിലേയ്ക്കു്)	0	6	0
	3-ാംവാല്യം (VI ഫാറത്തിലേയ്ക്കു്)	0	6	0
IV	മിഡിൽസ്കൂൾ പൌരധർമ്മം	0	8	0
	5-ാംക്ലാസ്സ് (Civics)	0	4	0
V	ധനതത്വപ്രവേശിക Part I	1	0	0
	Part II	1	4	0
	Part III	2	0	0
VI	A Manual of English Grammer and Composition.	1	0	0

ഗ്രന്ഥകർത്താവിനോടു നേരിട്ടപേക്ഷിക്കുക.

കെ. ഇ. ജോബ് എം. ഏ., എൽ. റ്റി.

ചങ്ങനാശേരി.